بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 6 | ലക്കം 38

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 സെപ്റ്റംബർ 23/ഹി.ശം. 1400 തബൂക് 23/1443 സ്വഫർ 15


## അല്ലാഹുവിന്റെ വചനം

یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡا لَا تُحَرِّمُوۡا طَیِّبٰتِ مَاۤ اَحَلَّ اللّٰہُ لَکُمۡ وَلَا تَعۡتَدُوۡا ؕ اِنَّ اللّٰہَ لَا یُحِبُّ الۡمُعۡتَدِیۡنَ ○ (المائدہ 84)

‘വിശ്വസിച്ചവരേ! അല്ലാഹു നിങ്ങൾക്ക് വിഹിതമാക്കിത്തന്നതിൽനിന്നുള്ള നല്ല വസ്തുക്കളെ നിങ്ങൾ നിഷിദ്ധമാക്കരുത്; നിങ്ങൾ അതിരുകവിയുകയുമരുത്.(നിശ്ചിത) അതിരുകൾ മറികടക്കുന്നവരെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടകുയില്ല.’(5:88)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

**ധർമം ചെയ്യുന്നവന് പകരം നല്കപ്പെടും**

(1442) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ‘ഓരോ ദിവസവും മനുഷ്യന്മാർ പ്രഭാതത്തിൽ പ്രവേശിക്കുമ്പോൾ രണ്ടു മലക്കുകൾ ഭൂമിയിലേക്ക് ഇറങ്ങിവന്ന് ഇപ്രകാരം പ്രാർഥിക്കാൻ തുടങ്ങും. അവരിലൊരാൾ പ്രാർഥിക്കും: അല്ലാഹുവേ! ദാനധർമം ചെയ്യുന്നവന് നീ പകരം നല്കേണമേ! മറ്റേ മലക്ക് പ്രാർഥിക്കും: അല്ലാഹുവേ! പിശുക്കന് നീ നാശം വരുത്തിവെക്കേണമേ!’

(1445) ഹദ്റത്ത് അബൂമൂസാ അശ്അരിയിൽനിന്ന് നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:‘സകല മുസ്‌ലിമീങ്ങളും സക്കാത്ത് കൊടുക്കേണ്ടതുണ്ട്.’ സ്വഹാബത്ത് ചോദിച്ചു: അതിനു കഴിവില്ലെങ്കിലോ? നബി(സ)പറഞ്ഞു: ‘അവർ സ്വന്തംകൈകൊണ്ട് ജോലി ചെയ്യണം. എന്നിട്ട് തന്റെ ദേഹത്തെ ശുശ്രൂഷിക്കണം. മറ്റുള്ളവർക്ക് ദാനം ചെയ്യുകയുംവേണം.’ അവർ ചോദിച്ചു: അതിനും കഴിവില്ലെങ്കിലോ? നബി(സ)പറഞ്ഞു: ‘ആപത്തുബാധിച്ച് ദുരിതമനുഭവിക്കുന്നവരെ അവൻ സഹായിക്കട്ടെ.’ അവർ ചോദിച്ചു: അതിനും കഴിവില്ലെങ്കിലോ? നബി(സ)പറഞ്ഞു: ‘അവൻ നന്മ പ്രവർത്തിക്കുകയും തിന്മയെ സൂക്ഷിച്ച് അകന്നുനിൽക്കുകയും ചെയ്യട്ടെ. നിശ്ചയം അത് അവന് ദാനധർമമാണ്.’ *(സ്വഹീഹ് ബുഖാരി, വാള്യം 3, കിതാബുസ്സക്കാത്ത് 2008 ഖാദിയാൻ പ്രസിദ്ധീകരണം)*

.....☆.....☆.....☆.....

**ഞാൻ നിങ്ങളോടു പറയുന്നു:**
**നബി(സ)തിരുമേനി സ്വീകരിക്കാത്ത മാർഗം വെറും വ്യർഥമാണ്.**
**അവിടത്തെ അനുധാവനം ഉപേക്ഷിച്ചുകൊണ്ട് അവർ എത്രതന്നെ തലകുത്തിമറിഞ്ഞുകൊണ്ടിരുന്നാലും ഉദ്ദിഷ്ടമുത്ത് അവരുടെ കൈയിൽ വരികയില്ല.**
**അല്ലാഹു ഈ ജമാഅത്ത് സ്ഥാപിച്ചുകൊണ്ട് ആഗ്രഹിച്ചിട്ടുള്ളത് നബി(സ)തിരുമേനി തയ്യാറാക്കിയിട്ടുള്ളതുപോലുള്ള ജമാഅത്ത് തയ്യാറാക്കുക എന്നതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**اَنۡعَمۡتَ عَلَیۡہِمۡ എന്ന ആയത്തിന്റെ തഫ്സീർ**

വിശുദ്ധ ഖുർആനിന്റെ ചില ഭാഗങ്ങൾ മറ്റേ ഭാഗങ്ങളുടെ തഫ്സീറും ശറഹുമാണെന്ന കാര്യം ഒരിക്കലും മറക്കരുത്. ഒരിടത്ത് ഒരുകാര്യം ചുരുക്ക രൂപത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. മറ്റൊരു സ്ഥലത്ത് അതേ കാര്യം വിശദമായി വിവരിക്കപ്പെട്ടിരിക്കുന്നു. അതായത് രണ്ടാമത്തേത് ആദ്യത്തേതിന്റെ തഫ്സീറാണ്. ഇവിടെ സ്വിറാത്വല്ലദീന അൻഅംത അലയ്ഹിം എന്നു പറഞ്ഞിരിക്കുന്നു. ഇത് സംക്ഷിപ്തമായി പറഞ്ഞിരിക്കുകയാണ്. പക്ഷേ, മറ്റു സ്ഥലത്ത് സ്വയം മുൻഅം അലയ്ഹിയുടെ വ്യാഖ്യാനം നല്കി. മിനന്നബിയ്യീന വസ്സ്വിദ്ദീഖീന വശ്ശുഹദാഇ വസ്സ്വാലിഹീൻ(4:70) അനുഗ്രഹിക്കപ്പെട്ടവർ നാലുതരക്കാരാണ്. നബി, സ്വിദ്ദീഖ്, ശുഹദാഅ്, സ്വാലിഹ്! പ്രവാചകന്മാരിൽ നാലു തേജോവിലാസവും അടങ്ങിയിരിക്കുന്നു. കാരണം ഇത് ഉന്നതമായ ശ്രേഷ്ഠതയാണ്. ഓരോ മനുഷ്യന്റേയും നിർബന്ധ കടമയാണ്, അവൻ ഈ ശ്രേഷ്ഠത കൈവരിക്കുന്നതിന് എവിടെ ശരിയായ മുജാഹദയുടെ ആവശ്യമുണ്ടോ അവിടെ നബി(സ)തിരുമേനി തന്റെ കർമംകൊണ്ട് കാണിച്ചുതന്നതുപോലെ ശ്രമിക്കുക.

**നബി(സ)തിരുമേനിയുടെ വഴി ഒരിക്കലും ഉപേക്ഷിക്കരുത്**

ഞാനിതും നിങ്ങളോടു പറയാനാഗ്രഹിക്കുകയാണ്. തങ്ങൾ സ്വന്തമായി മെനഞ്ഞെടുത്തിട്ടുള്ള ജപത്തിന്റേയും നിത്യസ്തോത്രങ്ങളുടേയും മാർഗത്തിലൂടെ ഈ ശ്രേഷ്ഠതകൾ കരസ്ഥമാക്കാനാഗ്രഹിക്കുന്ന ധാരാളമാളുകളുണ്ട്. പക്ഷേ, ഞാൻ നിങ്ങളോടു പറയുന്നു:നബി(സ)തിരുമേനി സ്വീകരിക്കാത്ത മാർഗം വെറും വ്യർഥമാണ്. അനുഗൃഹീതവഴിയുടെ സത്യസന്ധനായ അനുഭവസ്ഥൻ നബി(സ)തിരുമേനിയെക്കാൾ മറ്റാരാകാനാണ്? അദ്ദേഹത്തിനുമേൽ നുബുവ്വത്തിന്റെ സകല ശ്രേഷ്ഠതകളും അവസാനിച്ചു. അവിടന്ന് സ്വീകരിച്ച മാർഗം വളരെ ശരിയും കൂടുതൽ അടുത്തതുമാണ്. ആ വഴി വിട്ടുകൊണ്ട് മറ്റുവഴി കണ്ടുപിടിക്കുക എന്നത് അത് ബാഹ്യമായി എത്രതന്നെ സന്തോഷിപ്പിക്കുന്നതാണെന്ന് മനസ്സിലാണെങ്കിൽത്തന്നെയും എന്റെ അഭിപ്രായത്തിൽ നാശമാണ്. അല്ലാഹു എന്നിൽ വെളിപ്പെടുത്തിയത് അങ്ങനെതന്നെയാണ്.

നബി(സ)തിരുമേനിയെ സത്യസന്ധമായി അനുധാവനം ചെയ്യുന്നതിലൂടെയാണ് അല്ലാഹുവിനെ കിട്ടുന്നത്. അവിടത്തെ അനുധാവനം ഉപേക്ഷിച്ചുകൊണ്ട് അവർ എത്രതന്നെ തലകുത്തിമറിഞ്ഞുകൊണ്ടിരുന്നാലും ഉദ്ദിഷ്ട മുത്ത് അവരുടെ കൈയിൽ വരികയില്ല.

നബി(സ)തിരുമേനിയുടെ വഴി ഉപേക്ഷിക്കരുത്. പലതരത്തിലുള്ള ജപങ്ങൾ ആളുകൾ കണ്ടുപിടിച്ചിരിക്കുന്നത് ഞാൻ കാണുന്നു. തലകുത്തി കിടക്കുന്നു. യോഗികളെപ്പോലെ സന്യാസത്തിന്റെ വഴി സ്വീകരിക്കുന്നു. എന്നാൽ, ഇതെല്ലാം പാഴാണ്! തലകുത്തി കിടക്കുക എന്നത് പ്രവാചകന്മാരുടെ(അ)സുന്നത്തല്ല. അല്ലെങ്കിൽ ഇഥ്ബാത്തിന്റേയും അർറയുടേയും ദിക്ർ ചൊല്ലുക എന്നത്!നബി(സ) തിരുമേനിയെ അതുകൊണ്ടാണ് അല്ലാഹു ഉസ്വത്തുൻ ഹസ്ന എന്നു പറഞ്ഞത്. ലക്കും ഫീ റസൂലില്ലാഹി ഉസ്വത്തുൻ ഹസനത്തുൻ(33:22)നബി(സ)തിരുമേനിയുടെ ചുവടുകളിലൂടെ നടക്കുക, അണുവിട അങ്ങോട്ടുമിങ്ങോട്ടും നീങ്ങാൻ ശ്രമിക്കരുത്.

**അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപനോദ്ദേശ്യം**

ചുരുക്കത്തിൽ അനുഗ്രഹിക്കപ്പെട്ടവരിലുള്ള ശ്രേഷ്ഠതകൾ സ്വിറാത്വല്ലദീന അൻഅംത അയ്ഹിമിൽ ഏതൊന്നിലേക്കാണോ അല്ലാഹു സൂചന നല്കിയത് അവ കരസ്ഥമാക്കുക എല്ലാ മനുഷ്യരുടേയും യഥാർഥ ലക്ഷ്യമാണ്. നമ്മുടെ ജമാഅത്തിന് പ്രത്യേകമായ നിലയിൽ ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. കാരണം അല്ലാഹു ഈ ജമാഅത്ത് സ്ഥാപിച്ചുകൊണ്ട് ആഗ്രഹിച്ചിട്ടുള്ളത് നബി(സ)തിരുമേനി തയ്യാറാക്കിയിട്ടുള്ളതുപോലുള്ള ജമാഅത്ത് തയ്യാറാക്കുക എന്നതാണ്. അവസാനം കാലത്ത് ഈ ജമാഅത്ത് വിശുദ്ധ ഖുർആനിന്റേയും നബി(സ)തിരുമേനിയുടേയും സത്യത്തിനും മഹത്വത്തിനുംമേൽ സാക്ഷിയാകുന്നതിനുവേണ്ടി. (മൽഫൂദാത്ത്, വാള്യം 1, പേജ് 323, ഖാദിയാൻ പ്രസിദ്ധീകരണം 2018)

.....☆.....☆.....☆.....

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**

### ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 20-8-2021 സമ്പൂർണ പരിഭാഷ

സുപ്രധാന ചോദ്യങ്ങൾക്ക് മറുപടി: അമീറുൽമുഅ്മിനീൻ

ഘാന നാഷണൽ മജ്‌ലിസെ ആമിലായുമായി ഹുദൂറിന്റെ വെർച്വൽ മീറ്റിംഗ്

അമീറുൽമുഅ്മിനീന്റെ യൂറോപ്യൻ പര്യടന റിപ്പോർട്ട്


**തീർച്ചയായും എല്ലാ മുസ്‌ലിമീങ്ങളുടേയും നിർബന്ധകടമയാണ് വിശുദ്ധ ഖുർആൻ അർഥത്തോടെ പാരായണം ചെയ്യുക എന്നത്. ഈ ഭാഗത്തുള്ള അശ്രദ്ധ വലിയ നാശങ്ങൾക്ക് നിമിത്തമായിട്ടുണ്ട്.**
**മുസ്‌ലിമീങ്ങളുടെ മനസ്സുകളിൽ അല്ലാഹു എങ്ങനെയാണ് വിശുദ്ധ ഖുർആനോടുള്ള സ്നേഹമിട്ടിരിക്കുന്നത്! അർഥം അറിഞ്ഞാലുമില്ലെങ്കിലും അവർ അത് പാരായണം ചെയ്തുകൊണ്ടേപോകുന്നു.**

സൂറത്തുൽ ഹിജ്റിന്റെ 10-ാം വചനമായ, اِنَّا نَحۡنُ نَزَّلۡنَا الذِّکۡرَ وَ اِنَّا لَہٗ لَحٰفِظُوۡنَ എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ) പറയുന്നു:

ഇംഗ്ലീഷിൽ ഖുർആൻ പരിഭാഷ ചെയ്തിട്ടുള്ള ഒരു ഇംഗ്ലീഷുകാരൻ എഴുതുന്നു:തർത്തീൽ(ആകർഷകമായി ചൊല്ലൽ) കൂടാതെ പാരായണം ചെയ്യാൻ നിർവാഹമില്ലാത്ത വാക്യത്തിലാണ് ഖുർആനുള്ളത്. അതുകൊണ്ട് അല്ലാഹു സൃഷ്ടിച്ചിട്ടുള്ള സാധനസാമഗ്രികൾ മുഖേന വിശുദ്ധ ഖുർആൻ സംരക്ഷിക്കപ്പെടുന്ന നിലയിലാണ് വിശുദ്ധ ഖുർആനിന്റെ ഭാഷ. ഏറ്റവുമാദ്യം ആരംഭംമുതൽ അവസാനംവരെ അത് മനഃപ്പാഠമാക്കുന്ന ആളുകളെ അല്ലാഹു സൃഷ്ടിച്ചു. രണ്ടാമതായി അത് സുഗമമായ നിലയിൽ മനഃപ്പാഠമാക്കാൻ കഴിയുംവിധം അതിന്റെ ഭാഷ എളുപ്പവും ഹൃദിസ്ഥമാ

ശേഷം പേജ് 12 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

യാ അമീറൽ മുഅ്മിനീൻ!.....താങ്കൾക്കെന്താണോ തോന്നുന്നത് അത് ചെയ്താലും. അങ്ങയുടെ സ്വന്തം അഭിപ്രായംതന്നെ നടപ്പിൽ വരുത്തുക. ഞങ്ങൾ അങ്ങയോടൊപ്പമാണ്. അങ്ങ് എന്തൊന്ന് കല്പിച്ചാലും ഞങ്ങൾ അത് അനുസരിക്കുന്നതായിരിക്കും. ഞങ്ങളെ വിളിച്ചുകൊള്ളുക. ഞങ്ങൾ അങ്ങയുടെ വിളിക്ക് ലബ്ബയ്ക്ക് പറയുന്നതായിരിക്കും. ഞങ്ങളെ അയക്കുന്നിടത്തേക്ക് ഞങ്ങൾ പുറപ്പെടുന്നതായിരിക്കും. അങ്ങ് ഞങ്ങളെ കൂടെ കൊണ്ടുപോകണമെന്നാഗ്രഹിക്കുന്നെങ്കിൽ ഞങ്ങൾ അങ്ങയോടൊപ്പം വരുന്നതാണ്.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

നിഹാവൻദിന്റെ വിജയം അതിന്റെ ഫലങ്ങളുടെ അടിസ്ഥാനത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു. ഇതിനു ശേഷം ഒരിക്കലും ഇറാനികൾക്ക് ഒരു സ്ഥലത്ത് ഒരുമിച്ചുകൂടി ആക്രമണം നടത്താനുള്ള അവസരം ലഭ്യമായിട്ടില്ല. മുസ്‌ലിമീങ്ങൾ ഈ വിജയത്തെ 'ഫത്ഹുൽ ഫുതൂഹ് 'എന്ന പേരിൽ സ്മരിക്കാൻ തുടങ്ങി.

ജുൻദയ് സാബൂർ യുദ്ധം, നിഹാവൻദ് യുദ്ധം ഫത്ഹുൽഫുതൂഹ്, ഇസ്ഫഹാൻ യുദ്ധം എന്നിവയുടെ അവസ്ഥകളുടേയും സംഭവങ്ങളുടേയും വിശദമായ വിവരണം

ഇന്തൊനേഷ്യയിലെ മുഹമ്മദ് ദിയാൻതോനോ സാഹിബ്, അമേരക്കയിലെ ചിക്കാഗോയിലെ സാഹിബ്സാദ ഫർഹാൻ ലത്വീഫ് സാഹിബ്, ലാഹോറിലെ മലിക് മുബശ്ശിർ അഹ്മദ് സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2021 ആഗസ്റ്റ് 20/1400 ള്വുഹൂർ 20,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഹദ്റത്ത് ഉമർ(റ)ന്റെ കാലത്തെ സംഭവവികാസങ്ങളാണ് വിവരിച്ചുവരുന്നത്. ആ സമയത്തു നടന്ന വിവിധ യുദ്ധങ്ങളെക്കുറിച്ച് പറയുകയായിരുന്നു. അതിലൊരു യുദ്ധമായിരുന്നു ജുൻദയസാബൂർ. സാസാനിയൻ ഭൂപ്രദേശങ്ങളെ അധീനപ്പെടുത്തിയ ശേഷം ഹദ്റത്ത് അബൂസബ്റ ബിൻ റുഹ്മ് സൈന്യവുമായി മുന്നോട്ടു വന്ന് ജുൻദയസാബൂറിൽ താവളമടിച്ചു. ജുൻദയസാബൂർ എന്നത് ഖൂസിസ്താനിലെ ഒരു നഗരമായിരുന്നു. അവിടെ രാപ്പകലില്ലാതെ അദ്ദേഹം ശത്രുക്കളുമായി യുദ്ധം ചെയ്തു. എന്നാൽ, അവരും വിട്ടുകൊടുത്തില്ല. അങ്ങനെ മുസ്‌ലിം പക്ഷത്തുനിന്ന് ഒരാൾ അവർക്ക് അഭയം നല്കാമെന്ന അഭിപ്രായം മുന്നോട്ടു വെച്ചു. ശത്രുസമൂഹം ചുറ്റുമതിലിന്നകത്തായിരുന്നു. അവസരം കിട്ടുമ്പോളൊക്കെ അവർ പുറത്തിറങ്ങി ആക്രമിക്കുമായിരുന്നു. അങ്ങനെ ഒരു കാര്യം അവതരിപ്പിച്ചത് മുസ്‌ലിമീങ്ങളുടെ ഇടയിലെ ഒരു സാധാരണക്കാരനായിരുന്നു. അല്ലാതെ ഏതെങ്കിലുമൊരു നേതാവായിരുന്നില്ല. അവർ ഉടനെതന്നെ കോട്ടവാതിലുകൾ തുറന്നിട്ടു. മൃഗങ്ങളൊക്കെ പുറത്തിറങ്ങുകയും കടകമ്പോളങ്ങൾ തുറക്കുകയും ജനങ്ങൾ നാലുപാടും കാണപ്പെടുകയും ചെയ്തു. ഇതുകണ്ട മുസ്‌ലിമീങ്ങൾ നിങ്ങൾക്കിതെന്തുപറ്റിയെന്ന് അവരോടു ചോദിച്ചു. അവർ പറഞ്ഞു: 'നിങ്ങൾ ഞങ്ങൾക്ക് അഭയം തന്നിരിക്കുന്നു. ഞങ്ങൾ അത് സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങൾ ഇനി കപ്പം നല്കിക്കൊള്ളാം. നിങ്ങൾ ഞങ്ങളെ സംരക്ഷിക്കണം.' തങ്ങളങ്ങനെ ചെയ്തിട്ടില്ലല്ലോ എന്ന് മുസ്‌ലിമീങ്ങൾ പറഞ്ഞു. തങ്ങൾ കളവല്ല പറയുന്നതെന്ന് അവരും പറഞ്ഞു. അപ്പോൾ മുസ്‌ലിമീങ്ങൾ അതേ കുറിച്ച് പരസ്പരം അന്വേഷിച്ചു. മിക്നഫ് എന്നു പേരുള്ള ഒരു അടിമയാണ് അത് ചെയ്തതെന്ന് മനസ്സിലായി. അതു സംബന്ധിച്ച് അവർ ഹദ്റത്ത് ഉമറിനോടു അഭിപ്രായം ആരാഞ്ഞു. അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'അല്ലാഹു വാക്കുപാലനത്തിന് വളരെ പ്രാധാന്യമാണ് കല്പിച്ചിട്ടുള്ളത്. നിങ്ങൾ ചെയ്ത വാഗ്ദാനം പാലിക്കുന്നതുവരെ നിങ്ങൾ വിശ്വസ്തരാകുകയില്ല. ഒരു അടിമതന്നെ വാക്കുകൊടുത്താലും നിങ്ങൾ അതു പാലിക്കേണ്ടതാണ്. നിങ്ങൾ അസന്ദിഗ്ദ്ധാവസ്ഥയിലിരിക്കുവോളം അവർക്ക് ഇളവു കൊടുക്കുക. അവരോടുള്ള വാക്കു പാലിക്കുക. അങ്ങനെ മുസ്‌ലിമീങ്ങൾ അവരോടുള്ള എല്ലാ വാഗ്ദാനങ്ങളും പാലിച്ച് മടങ്ങിപ്പോന്നു.' *(സീറത്തു അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്ത്വാബ് അസ്സ്വലാബി, പേജ് 425, ദാറുൽമഅ്രിഫ ബെയ്റൂത്ത് 2007) (സയ്യിദുനാ ഉമർ ബിൻ ഖത്ത്വാബ്, ശഖ്സിയ്യത്ത് കാ കാർണാമെ, പേജ് 689, മക്തബ അൽഫുർഖാൻ, ഖാൻഗഢ് പാക്കിസ്താൻ) (മുഅ്ജമുൽ ബുൽദാൻ, വാല്യം 2, പേജ് 198) ഈ യുദ്ധ നടപടി ഖൂസിസ്താന്റെ വിജയങ്ങളുടെ അന്ത്യമായിരുന്നു.(മഖാല താരീഖെ ഇസ്‌ലാം ബിഅഹദി ഹ്ദറത്ത് ഉമർ(റ), സയ്യിദ് മീർ മഹമൂദ് അഹ്മദ് സാഹിബ് നാസിർ പേജ് 135)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഈ സംഭവത്തെ പരാമർശിച്ചുകൊണ്ട് ഇപ്രകാരം വിവരിക്കുകയുണ്ടായി: 'ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ അബ്സീനിയക്കാരനായ ഒരു അടിമ നിങ്ങൾക്ക് ഇന്നയിന്ന ഇളവുകൾ നല്കുന്നതാണെന്ന് ഒരു ജനതയോടു കരാർ ചെയ്തിരുന്നു. ഇസ്‌ലാമിക സൈന്യം അവിടെ എത്തിയപ്പോൾ അവർ പറഞ്ഞു, 'ഞങ്ങൾ ഇങ്ങനെയൊരു കരാർ ചെയ്തിട്ടുണ്ടല്ലോ?' സൈന്യാധിപൻ ആ കരാർ അംഗീകരിക്കുന്നതിന് വൈമനസ്യം കാണിച്ചു. ഹ്ദറത്ത് ഉമറിന്റെയടുത്തു കാര്യമെത്തി. അദ്ദേഹം പറഞ്ഞു, 'മുസ്‌ലിമീങ്ങളുടെ വാക്ക് കളവാകാൻ പാടില്ല; അത് അടിമയുടേതാണെങ്കിലും!' *(ബഅ്ള് ഉമൂരി ഉമൂർ, അൻവാറുൽഉലൂം വാല്യം 12, പേജ് 405)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ മുസ്‌ലിമീങ്ങൾ ശത്രുസൈന്യത്തെ വളഞ്ഞു. ഇനി തങ്ങൾക്ക് രക്ഷയില്ലെന്ന് ശത്രുക്കൾക്ക് മനസ്സിലായി. ഞാനിവിടെ വിവരിച്ച സംഭവത്തിന്റെ വിശദീകരണമാണിത്. അദ്ദേഹം അത് സ്വന്തം ശൈലിയിൽ വിവരിച്ചിരിക്കുന്നുവെന്നു മാത്രം. ഇസ്‌ലാമിന്റെ സൈന്യം നമ്മെ സമ്മർദത്തിലാക്കി നമ്മുടെ കോട്ട പിടിച്ചെടുക്കുകയാണ്. അവർക്ക് വിജയം ലഭിച്ചാൽ അധിനിവിഷ്ട രാജ്യത്തോടുള്ള നയമായിരിക്കും കാണിക്കുക. മുസ്‌ലിമീങ്ങൾക്കെല്ലാവർക്കും അധിനിവേശവും സന്ധിയും തമ്മിലുള്ള അന്തരം അറിയാമായിരുന്നു. കീഴടക്കിയ രാജ്യമാണെങ്കിൽ അവിടെ പൊതുവിലുള്ള ഇസ്‌ലാമിക നിയമങ്ങൾ പ്രാബല്യത്തിൽ വരുമായിരുന്നു. എന്നാൽ, സന്ധി ചെയ്യുന്ന പക്ഷം അവർക്ക് ഉടമ്പടി ചെയ്തതുപോലെ എത്രവേണമെങ്കിലും അവകാശങ്ങൾ നേടിയെടുക്കാമായിരുന്നു. അവർ കരുതിയിരുന്നത് മയത്തോടെയുള്ള നിബന്ധനകൾക്കു പുറമെ സന്ധിചെയ്യാനുള്ള എന്തെങ്കിലും മാർഗം വേണം സ്വീകരിക്കാനെന്നാണ്. അങ്ങനെ ഒരു ദിവസം അബീ

സീനയക്കാരനായ ഒരു മുസ്‌ലിം വെള്ളം കോരുകയായിരുന്നു. അതുകണ്ട എതിർപക്ഷക്കാർ അയാളുടെ അടുത്തുപോയി ചോദിച്ചു: 'എന്താ സഹോദരാ! സന്ധിചെയ്താൽ അത് യുദ്ധത്തെക്കാൾ നല്ലതുതന്നെയല്ലേ?' അതെ! നല്ലകാര്യമാണെന്ന് അയാൾ പറഞ്ഞു. ആ വ്യക്തി വിവരമോ വിദ്യഭ്യാസമോ ഒന്നുമില്ലാത്ത ആളായിരുന്നു. അവർ പറഞ്ഞു: 'ഞങ്ങൾ ഈ രാജ്യത്ത് സ്വാതന്ത്ര്യത്തോടെ കഴിയുകയും ഞങ്ങളെ ആരും ഒന്നും പറയാതിരിക്കുകയും ഞങ്ങളുടെ സ്വത്തുവകകൾ ഞങ്ങളുടെ പക്കലും നിങ്ങളുടെ സ്വത്തുവകകൾ നിങ്ങളുടെ പക്കലും എന്ന നിബന്ധനകളോടെ സന്ധി ചെയ്താലോ?' അയാൾ പറഞ്ഞു, 'ശരി! അതിനെന്താ?' അവർ കോട്ടവാതിലുകൾ തുറന്നു. ഇസ്‌ലാമിക സൈന്യം വന്നപ്പോൾ ശത്രുക്കൾ പറഞ്ഞു: 'ഞങ്ങളും നിങ്ങളുമായി സന്ധി നടന്നു കഴിഞ്ഞിരിക്കുന്നു.' സന്ധി എവിടെയാണ് നടന്നതെന്ന് മുസ്‌ലിമീങ്ങൾ ചോദിച്ചു. തങ്ങൾക്കൊന്നും അറിയില്ലെന്ന് അവർ പറഞ്ഞു. നിങ്ങളുടെ ഓഫീസർ ആരാണെന്ന് ഞങ്ങൾക്കെന്തറിയാം. ഇവിടെനിന്ന് ഒരാൾ വെള്ളം കോരുന്നുണ്ടായിരുന്നു. അയാളോടു ഞങ്ങൾ ഇക്കാര്യം പറഞ്ഞപ്പോൾ അയാൾ ഇങ്ങനെയാണ് പറഞ്ഞത്. അപ്പോൾ മുസ്‌ലിമീങ്ങൾ പറഞ്ഞു: ഒരു അടിമ ഇറങ്ങിവന്നിരുന്നു. എന്തായിരുന്നു കാര്യമെന്ന് അയാളോടു ചോദിച്ചു നോക്കാം. ആ അബ്സീനിയക്കാരനായ അടിമയോടു അവർ കാര്യം തിരക്കിയപ്പോൾ അയാൾ പറഞ്ഞു, 'അതേയതേ! ഞാനുമായി ഇങ്ങനെയൊരു സംസാരം നടന്നിരുന്നു.' അതുകേട്ട മുസ്‌ലമീങ്ങൾ അവരോടു പറഞ്ഞു: 'ഇയാൾ ഒരു അടിമയാണ്. ആരാണ് അയാൾക്ക് തീരുമാനമെടുക്കാൻ അധികാരം നല്കിയത്? അപ്പോൾ ശത്രുക്കൾ പറഞ്ഞു: 'ഇത് നിങ്ങളുടെ ഓഫീസറാണോ എന്ന് ഞങ്ങൾക്കെന്തറിയാനാണ്? ഞങ്ങൾക്ക് ആരേയും പരിചയമില്ല. ഇതായിരിക്കും നിങ്ങളുടെ ജനറൽ എന്നാണ് ഞങ്ങൾ കരുതിയത്!' അവരങ്ങനെ സാമർഥ്യം കാണിച്ചു. അപ്പോൾ ശരിക്കുള്ള ഓഫീസർ പറഞ്ഞു: 'എനിക്കിത് അംഗീകരിക്കാനാവില്ല. ഞാനിത് ഹദ്റത്ത് ഉമറിനെ എഴുതിയറിയിക്കാം.' ഹദ്റത്ത് ഉമറിന് കത്തു കിട്ടിയപ്പോൾ അദ്ദേഹം പറഞ്ഞു: 'ഭാവിയിൽ കമാണ്ടർ ഇൻ ചീഫിനല്ലാതെ ആർക്കും സന്ധിചെയ്യാൻ അനുമതിയില്ലെന്ന് വിളംബരപ്പെടുത്തുക. എന്നാൽ, ഒരു മുസ്‌ലിം വാക്കുകൊടുത്ത ശേഷം അതിനെ കളവാക്കാൻ ഞാൻ തയ്യാറല്ല. ആ അടിമ ചെയ്ത സന്ധി നിങ്ങൾക്ക് സമ്മതിക്കേണ്ടി വരുന്നതാണ്. ഇനി മുതൽ കമാണ്ടർ ഇൻ ചീഫിനല്ലാതെ ആർക്കും സന്ധിചെയ്യാൻ അധികാരമില്ലെന്ന് വിളംബരപ്പെടുത്താവുന്നതാണ്.'*(സയ്റെ റൂഹാനീ (7) അൻവാറുൽഉലൂം വാല്യം 24, പേജ് 293-294)*

ഹദ്റത്ത് ഉമർ(റ) ഇറാൻ കീഴടക്കാനുള്ള കാരണമെന്താണ്? എന്തുകൊണ്ടാണ് അദ്ദേഹം നിർബന്ധിതനായത്? അതിങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു: ഇറാഖിന്റേയും അഹ്‌വാസിന്റേയും യുദ്ധ നടപടിയോടെ രക്തം ചൊരിഞ്ഞുള്ള യുദ്ധം അവസാനിപ്പിക്കുന്നത് നല്ലതായിരിക്കുമെന്ന് ഹദ്റത്ത് ഉമർ(റ)ആഗ്രഹിച്ചിരുന്നു. യുദ്ധങ്ങൾകൊണ്ട് ഒരു നേട്ടവുമില്ല. ശത്രുക്കൾ ആക്രമണം നടത്തുന്നു. ഒരു യുദ്ധത്തോടെ അതവസാനിപ്പിക്കുകയും അവരുടെ സൈനികബലത്തെ തടയുകയും അതോടെ എല്ലാത്തിനും അന്ത്യം കുറിക്കുകയും വേണം. ഇറനികൾക്കും തങ്ങൾക്കുമിടയിൽ എന്തെങ്കിലും മാർഗതടസ്സമുണ്ടാകുകയും അവർക്ക് ഞങ്ങളുടെ അടുത്തേക്കോ ഞങ്ങൾക്ക് അവരുടെ അടുത്തേക്കോ പോകാനാകാത്ത സാഹചര്യമുണ്ടാകുകയും ചെയ്തെങ്കിലെന്ന് ഹദ്റത്ത് ഉമർ(റ)പല പ്രാവശ്യവും ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. എന്നാൽ, ഇറാൻ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുണ്ടായ നിരന്തരമായ യുദ്ധ നടപടികൾ കാരണം അദ്ദേഹത്തിന്റെ ആ ആഗ്രഹം സഫലമായില്ല. ഹിജ്റ വർഷം 17 ന് യുദ്ധത്താവളത്തിൽനിന്ന് മുസ്‌ലിം സൈനികത്തലവന്മാരുടെ ഒരു സംഘം ഹദ്റത്ത് ഉമറിന്റെ സന്നിധിയിൽ ഹാജരായി. ഹദ്റത്ത് ഉമർ അവരോടു ചോദിച്ചു: 'അധിനിവിഷ്ട പ്രദേശങ്ങളിൽനിന്ന് എന്തുകൊണ്ടാണ് അടക്കടി വാഗ്ദത്ത ലംഘനവും പ്രക്ഷോഭവുമുണ്ടാകുന്നത്? ഹദ്റത്ത് ഉമർ(റ)ഇങ്ങനെയൊരു സംശയം പ്രകടിപ്പിച്ചു. കീഴടക്കിയ തദ്ദേശവാസികൾക്ക് മുസ്‌ലിമീങ്ങളെക്കൊണ്ട് പ്രയാസങ്ങൾ ഉണ്ടാകുന്നതുകൊണ്ടാകാം അവർ കരാർലംഘനം നടത്താൻ മുതിരുന്നത്! എന്നാൽ, ആ സംഘം അക്കാര്യം ശരിവെച്ചില്ല. അങ്ങനെയൊന്നും നടക്കുന്നില്ലെന്ന് അവർ പറഞ്ഞു. ഞങ്ങളുടെ അറിവിൽ മുസ്‌ലിമീങ്ങൾ തികഞ്ഞ വിശ്വസ്തതയോടും മികച്ച നിലയിലുമാണ് അവിടെ പ്രവൃത്തിക്കുന്നത്. അപ്പോൾ ഉമർ ചോദിച്ചു: 'പിന്നെ ഇങ്ങനെയൊരു കലാപകലുഷിത സാഹചര്യമുണ്ടാകാൻ കാരണമെന്താണ്?' അതിന് തൃപ്തികരമായ മറുപടി നല്കാൻ ആ സംഘത്തിലുള്ള മറ്റാർക്കും കഴിഞ്ഞില്ലെങ്കിലും അഹ്നഫ് ബിൻ ഖയ്സ് പറഞ്ഞു: 'യാ അമീറൽമുഅ്മിനീൻ! ഞാൻ അങ്ങയ്ക്ക് യഥാർഥമായ വസ്തുത പറഞ്ഞുതരാം. കാര്യമിതാണ്!അങ്ങ് ഞങ്ങളെ കൂടുതൽ സൈനികനീക്കങ്ങളിൽനിന്ന് തടഞ്ഞിരുന്നു. യുദ്ധം തുടരേണ്ടെന്നും ജയിച്ചടക്കിയ സ്ഥലത്തുതന്നെ തുടരുകയെന്നും നിർദേശം തന്നിരുന്നു. എന്നാൽ, ഇറാൻ രാജാവ് ഇന്നും ജീവിച്ചിരിപ്പുണ്ട്. അദ്ദേഹം ജീവിച്ചിരിക്കുന്നതുവരെ ഇറാനികൾ ഞങ്ങളോടു യുദ്ധം ചെയ്തുകൊണ്ടേയിരിക്കും. ഒരു രാജ്യത്ത് രണ്ടു ഭരണകൂടങ്ങളുണ്ടാകുക അസാധ്യവുമാണ്. എന്തുവന്നാലും ഒന്നുമറ്റൊന്നിനെ പുറത്താക്കിമാത്രമെ അടങ്ങുകയുള്ളൂ. ഒന്നുകിൽ അവിടെ ഇറാനികൾ നിലനില്ക്കും അല്ലെങ്കിൽ ഞങ്ങൾ അവശേഷിക്കും. അദ്ദേഹം പറഞ്ഞു: ഒരു പ്രദേശത്തേയും ഞങ്ങൾ സ്വയം പിടിച്ചെടുത്തിട്ടില്ലെന്ന് അങ്ങയ്ക്ക് അറിയാമല്ലോ? മറിച്ച് ശത്രുക്കളുടെ ആക്രമണം ഉണ്ടാകുന്നതിനെ തുടർന്നാണ് ഞങ്ങൾ അവരെ കീഴ്പ്പെടുത്തുന്നത്. ഞങ്ങളുമായി യുദ്ധം ചെയ്തിട്ടല്ല. അങ്ങനെയാണ് അങ്ങയുടെ കല്പനയും! ശത്രുവിന്റെ ഭാഗത്തുനിന്നു ആക്രമണമുണ്ടാകുമ്പോൾ നിർബന്ധിതാവസ്ഥയിൽ ഞങ്ങൾക്ക് യുദ്ധം ചെയ്യേണ്ടിവരികയാണ്.അങ്ങനെ ഓരോ പ്രദേശവും കീഴ്പ്പെടുത്തുന്നു. എന്തായാലും ഇവിടെ ഒരു കാര്യം വ്യക്തമാകുന്നത് മുസ്‌ലിമീങ്ങളുടെ ഇടയിൽത്തന്നെ അകാരണമായി യുദ്ധം ചെയ്യുന്നത് അനുവദിനീയമാണെന്ന് പറയുന്നവർക്കും ഇസ്‌ലാമിനുമേൽ ആരോപണമുന്നയിക്കുന്നവർക്കുമുള്ള മറുപടി ഇതിലുണ്ട്. മുസ്‌ലിമീങ്ങൾ ഒരിക്കലും തന്നെ ഭൂമികൈയേറാനോ രാജ്യങ്ങൾ വെട്ടിപ്പിടിക്കാനോവേണ്ടി യുദ്ധം ചെയ്തിരുന്നില്ല. അവർക്കുമേൽ ആക്രമണം നടക്കുമ്പോൾ സമാധാനാന്തരീക്ഷം വീണ്ടെടുക്കാനാണ് അവർ യുദ്ധം ചെയ്തിരുന്നത്!അങ്ങനെയാണ് യുദ്ധ വിജയങ്ങളുമുണ്ടായിട്ടുള്ളത്. എന്തായാലും അവരുടെ രാജാവാണ് ഇങ്ങനെ സൈന്യങ്ങളെ അയക്കുന്നതെന്നും അവരുടെ ഈ രീതി ഇങ്ങനെ തുടർന്നുപോകുമെന്നും അദ്ദേഹം പറഞ്ഞു. അങ്ങ് ഞങ്ങൾക്ക് സൈനിക നടപടിക്കുള്ള അനുവാദം തന്നാലാണ് അതിന് അറുതിവരിക. അങ്ങനെയായാൽ ഞങ്ങൾ രാജാവിനെ ഇറാനിൽനിന്ന് തുരത്തുന്നതായിരിക്കും. അപ്പോൾ പേർഷ്യക്കാർ തങ്ങൾക്കിനിയും വിജയിക്കാനാകുമെന്ന പ്രതീക്ഷവെടിയുന്നതാണ്.*(മഖാല താരീഖെ ഇസ്‌ലാം ബിഅഹദി ഹദ്റത്ത് ഉമർ(റ), സയ്യിദ് മീർ മഹമൂദ് അഹ്മദ് സാഹിബ് നാസിർ പേജ് 136-138)(താരീഖു അത്ത്വബരി, വാല്യം 2, പേജ് 502-503, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2012)*

അതുതന്നെയായിരുന്നു കാര്യവും! ഹദ്റത്ത് ഉമർ ആ അഭിപ്രായം ശരിവെക്കുകയും ഇറാനിൽ കൂടുതൽ സൈനികനീക്കങ്ങൾ നടത്താതെ നിർവാഹമില്ലെന്ന് മനസ്സിലാക്കുകയും ചെയ്തു. അത് നിർബന്ധ സാഹചര്യമായിരുന്നു. അതുകൂടാതെ സമാധാനാവസ്ഥ വീണ്ടെടുക്കാൻ സാധിക്കുകയില്ല. മുസ്‌ലിമീങ്ങളുടെ രക്തം ഒഴുകിക്കൊണ്ടു പോകും. യുദ്ധങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നതുമാണ്. എന്നാൽ, ഹദ്റത്ത് ഉമർ(റ)ഈ തീരുമാനം നടപ്പാക്കിയത് ഒന്നര രണ്ടു വർഷങ്ങൾക്കുശേഷം ഹിജ്റ 21 ലെ നിഹാവൻദ് യുദ്ധത്തിനുശേഷമാണ്. അപ്പോൾ ഇറാനികൾ വൻസൈന്യസന്നാഹത്തോടെ മുസ്‌ലിമീങ്ങളെ നേരിടാൻ ഇറങ്ങിപ്പുറപ്പെട്ടിരുന്നു. നിഹാവൻദ് എന്ന സ്ഥലത്ത് ശക്തമായൊരു പോരാട്ടം നടന്നു. *(മഖാല താരീഖെ ഇസ്‌ലാം ബിഅഹദി ഹദ്റത്ത് ഉമർ(റ), സയ്യിദ് മീർ മഹമൂദ് അഹ്മദ് സാഹിബ് നാസിർ പേജ് 138-139)*

നിഹാവൻദ് യുദ്ധം ഫത്ഹുൽ ഫുതൂഹ് അഥവാ സകല വിജയങ്ങളുടേയും വിജയം എന്നും പറയപ്പെടുന്നു. ഇറാനിലും ഇറഖിലുമായി മുസ്‌ലിമീങ്ങൾ പങ്കെടുത്ത യുദ്ധങ്ങളിൽ മൂന്നെണ്ണത്തിന് നിർണായകസ്ഥാനമുണ്ട്. അതായത് ഖാദിസിയ യുദ്ധം, ജലൂലാ യുദ്ധം, നിഹാവൻദ് യുദ്ധം. നിഹാവൻദിലെ വിജയം അതിന്റെ നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ എത്രമാത്രം സുപ്രധാനമായിരുന്നുവെന്നാൽ മുസ്‌ലിമീങ്ങളിൽ അത് ഫത്ഹുൽഫുതൂഹ് എന്ന പേരിൽ പ്രസിദ്ധമായി. അതായത് എല്ലാ വിജയങ്ങളെക്കാളുമുപരി വിജയം!

ഇറാനികൾ തങ്ങൾക്കേറ്റ രണ്ടു വൻപരാജയങ്ങൾക്കു ശേഷം നടത്തിയ അവസാനം പരിശ്രമമായിരുന്നു നിഹാവൻദ് യുദ്ധം. ഈ യുദ്ധത്തിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്. മർവയിൽ താമസിച്ചിരുന്ന ഇറാൻ ചക്രവർത്തി യസ്ദജർദ്, അബൂഹനീഫയുടെ നിവേദനപ്രകാരം 'ദീനവരിഖുമ്മി'ൽ താമസമായിരുന്നു. അയാൾ വളരെ ഊർജിതമായി നിലയിൽ മുസ്‌ലിമീങ്ങളെ നേരിടാൻ സൈന്യങ്ങളെ ഒരുമിച്ചുകൂട്ടാൻ തുടങ്ങി. ഖുറാസാൻ മുതൽ സിന്ധ് വരെയുള്ള എല്ലാ പ്രദേശങ്ങളിലേക്കും കത്തുകൾ അയച്ച് രാജ്യത്തൊട്ടാകെ യുദ്ധത്തിന് ആഹ്വാനം ചെയ്തു. നാനാ ഭാഗത്തുനിന്നും ഇറാൻ സൈന്യങ്ങൾ

നിഹാവൻദിലേക്ക് ഒഴുകാൻ തുടങ്ങി. *(ഫുതൂഹുൽബുൽദാൻ, പേജ് 184, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2000)(താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 521, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012) (അഖ്ബാറുത്ത്വവാൽ, വഖഅത്തുനിഹാവൻദ്, പേജ് 192, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)(മഖാല താരീഖെ ഇസ്‌ലാം ബിഅഹദി ഹ്ദറത്ത് ഉമർ(റ), സയ്യിദ് മീർ മഹമൂദ് അഹ്മദ് സാഹിബ് നാസിർ പേജ് 139)*

നിഹാൻവൻദ് ഇറാനിലെ ഒരു നഗരമാണ്. അത് കർമാൻ ശാഹിന്റെ കിഴക്ക് ഭാഗത്ത് സ്ഥതിചെയ്യുന്നു. ഹമദാൻ സംസ്ഥാനത്തിന്റെ തലസ്ഥാന നഗരിയിൽനിന്ന് ഏകദേശം 70 കിലോമീറ്റർ തെക്കാണ് അത് സ്ഥിതി ചെയ്യുന്നത്.*(അറ്റ്ലസ് ഫുത്തൂഹാത്തെ ഇസ്‌ലാമിയ്യ, വാല്യം 2, പേജ് 118, മക് തബ ദാറുസ്സലാം രിയാള്, ഹിജ്റ 1428)*

പൂർണമായും മലനിരകളുടെ മധ്യത്തിലാണ് നിഹാൻവൻദ് നഗരം സ്ഥിതിചെയ്യുന്നത്. *(സീറത്ത് അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്ത്വാബ്, അസ്‌ലാബീ, പേജ് 426, ദാറുൽമഅ്‌രിഫ ബെയ്റുത്ത് 2007)*

ഹ്ദറത്ത് സഅ്ദ് ആ സൈന്യത്തെ കുറിച്ച് മദീനയിലെ ഹദ്റത്ത് ഉമറിനെ അറിയിച്ചു. *(താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 522, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

കുറച്ചു നാളുകൾക്കുശേഷം ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് സഅ്ദിനെ ആ ഉത്തരവാദിത്വത്തിൽനിന്ന് മാറ്റിയപ്പോൾ ഹദ്റത്ത് സഅ്ദിന് മദീനയിൽ വരാൻ സാധിച്ചു. അപ്പോൾ ഹദ്റത്ത് ഉമറിനെ അദ്ദേഹം നേരിട്ട് എല്ലാ കാര്യങ്ങളും ബോധിപ്പിക്കുകയുണ്ടായി. *(താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 523, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ഹദ്റത്ത് സഅ്ദിനെ സ്ഥാനഭ്രഷ്ടനാക്കിയ ശേഷം ആ സുപ്രധാന ദൗത്യം ഖിലാഫത്തിൽനിന്ന് ഹദ്റത്ത് അമ്മാർ ബിൻ യാസിറിന് നല്കപ്പെട്ടു. ഹദ്റത്ത് അമ്മാർ ഇറാൻ സൈന്യത്തിന്റെ യുദ്ധനടപടികൾ അറിയുന്ന മുറയ്ക്ക് അക്കാര്യം മദീനയിലേക്ക് അറിയിച്ചു കൊണ്ടിരുന്നു.*(ഫുതൂഹുൽബുൽദാൻ, പേജ് 170, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2000)(അഖ്ബാറുത്ത്വവാൽ, വഖഅത്തുഖാദിസിയ, പേജ് 192, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)(മഖാല താരീഖെ ഇസ്‌ലാം ബിഅഹദി ഹ്ദറത്ത് ഉമർ(റ), സയ്യിദ് മീർ മഹമൂദ് അഹ്മദ് സാഹിബ് നാസിർ പേജ് 140)*

ഹദ്റത്ത് ഉമർ മജ്‌ലിസെ ശൂറ സംഘടിപ്പിച്ചു. മിമ്പറിൽ നിന്നുകൊണ്ട് ഒരു പ്രഭാഷണം നടത്തി ഇങ്ങനെ പറഞ്ഞു:അറേബ്യൻ സമൂഹമേ!അല്ലാഹു നിങ്ങളെ ഇസ്‌ലാം മുഖേന നിങ്ങളെ പിന്തുണച്ചു. ഭിന്നിപ്പിനുശേഷം നിങ്ങളെ ഐക്യപ്പെടുത്തി. പട്ടിണിക്കുശേഷം നിങ്ങളെ സമ്പന്നരാക്കി. നിങ്ങൾക്ക് യുദ്ധമൈതാനത്ത് ശത്രുക്കൾക്കുമേൽ എപ്പോഴും വിജയം നല്കി. നിങ്ങളൊരിക്കലും പരിക്ഷീണിതരോ പരാജിതരോ ആയില്ല. ഇപ്പോൾ ശയ്ത്വാൻ കുറച്ചു സൈന്യത്തെ സംഘടിപ്പിച്ചിരിക്കുകയാണ്. അവർ ദൈവത്തിന്റെ പ്രകാശത്തെ ഊതിക്കെടുത്താൻ ആഗ്രഹിക്കുന്നു. ഇത് അമ്മാർ ബിൻ യാസിർ അയച്ചകത്താണ്. ഖൂമിസ്, ത്വബരിസ്താൻ, ദുൻബാവൻദ്, ജുർജാൻ, അസ്ഫഹാൻ, ഖും, ഹമദാൻ, മാഹയ്ൻ, മാസബദാൻ തുടങ്ങിയ സ്ഥലങ്ങളിലെ നിവാസികൾ തങ്ങളുടെ ചക്രവർത്തിക്കുചുറ്റും ഒത്തുകൂടിയിരിക്കുകയാണ്. കൂഫയിലും ബസ്വറയിലുമുള്ള നിങ്ങളുടെ സഹോദരങ്ങളോടു പോരാടാനും അവരുടെ നാട്ടിൽനിന്ന് അവരെ പുറത്താക്കി നിങ്ങളുടെ രാജ്യത്തിനുമേൽ കടന്നാക്രമിക്കാനുമാണ് അവർ ഉദ്ദേശിക്കുന്നത്. അല്ലയോ ജനങ്ങളേ!ഇക്കാര്യത്തെ കുറിച്ച് നിങ്ങളുടെ അഭിപ്രായം പറയുക!*(അഖ്ബാറുത്ത്വവാൽ, വഖഅത്തുഖാദിസിയ, പേജ് 192, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

വളരെ പ്രധാനപ്പെട്ട കാര്യമാണിത്. നിങ്ങൾ അനാവശ്യമായി ഇതിനെക്കുറിച്ച് സംസാരിക്കുകയും കലഹിക്കുകയും ചെയ്യരുതെന്ന് ഞാനാഗ്രഹിക്കുന്നു! നിങ്ങൾ ചുരുങ്ങിയ നിലയിൽ എന്നെ അഭിപ്രായം അറിയിക്കുക. ഞാൻ ഇപ്പോൾ ഇറാനിലേക്ക് പുറപ്പെടുകയും ബസ്വറയ്ക്കും കൂഫയ്ക്കുമിടയിൽ ഏതെങ്കിലും ഉചിതമായിടത്ത് തങ്ങി സൈന്യത്തിനു വേണ്ടുന്ന സഹായം നല്കുകയും ദൈവാനുഗ്രഹത്താൽ ഈ യുദ്ധത്തിൽ നമുക്ക് വിജയം ലഭിച്ചാൽ സൈന്യത്തെ ശത്രുരാജ്യത്ത് കൂടുതൽ മുന്നേറ്റം നടത്താൻ അയക്കുകയും ചെയ്യുന്നത് എനിക്കു ഉചിതമാണോ എന്ന് നിങ്ങൾ അഭിപ്രായം പറയുക. *(താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 523, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ഹദ്റത്ത് ഉമറിന്റെ പ്രഭാഷണം കഴിഞ്ഞപ്പോൾ ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് എഴുന്നേറ്റുനിന്നു. തശഹ്ഹുദ് ചൊല്ലിയ ശേഷം പറഞ്ഞു: യാ അമീറൽമുഅ്മിനീൻ!ഭരണകാര്യങ്ങൾ നോക്കി നടത്തിവരുന്നതിനാൽ അങ്ങയ്ക്ക് ബുദ്ധിവിവേകം വർധിക്കുകയും അനുഭവസമ്പത്തിനാൽ താങ്കൾ നിതാന്ത ജാഗ്രത ശീലിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ താങ്കൾക്കെന്താണോ തോന്നുന്നത് അത് ചെയ്താലും. അങ്ങയുടെ സ്വന്തം അഭിപ്രായംതന്നെ നടപ്പിൽ വരുത്തുക. ഞങ്ങൾ അങ്ങയോടൊപ്പമാണ്. അങ്ങ് എന്തൊന്ന് കല്പിച്ചാലും ഞങ്ങൾ അത് അനുസരിക്കുന്നതായിരിക്കും. ഞങ്ങളെ വിളിച്ചുകൊള്ളുക. ഞങ്ങൾ അങ്ങയുടെ വിളിക്ക് ലബ്ബയ്ക്ക് പറയുന്നതായിരിക്കും. ഞങ്ങളെ അയക്കുന്നിടത്തേക്ക് ഞങ്ങൾ പുറപ്പെടുന്നതായിരിക്കും. അങ്ങ് ഞങ്ങളെ കൂടെ കൊണ്ടുപോകണമെന്നാഗ്രഹിക്കുന്നെങ്കിൽ ഞങ്ങൾ അങ്ങയോടൊപ്പം വരുന്നതാണ്. അങ്ങ് സ്വയമാണ് ഇക്കാര്യം തീരുമാനിക്കേണ്ടത്. കാരണം അങ്ങ് വിവേകമതിയും അനുഭവസമ്പന്നനുമാണ്. ത്വൽഹ അത്രയും പറഞ്ഞ് അവിടെ ഇരുന്നു. എന്നാൽ, ഹദ്റത്ത് ഉമർ(റ)കൂടിയാലോചനനടത്താൻ ആഗ്രഹിച്ചിരുന്നു. അദ്ദേഹം പറഞ്ഞു: ജനങ്ങളേ! നിങ്ങളെന്തെങ്കിലും പറയുക! ഇന്ന് നിങ്ങൾക്ക് അവസരമുണ്ട്. അതുകൊണ്ടുള്ള പരിണിതഫലം ദീർഘകാലത്തേക്ക് നിലനില്ക്കുന്നതായിരിക്കും. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ)എഴുന്നേറ്റുകൊണ്ട് പറഞ്ഞു: യാ അമീറൽമുഅ്മിനീൻ! എന്റെ അഭിപ്രായമിതാണ്, അങ്ങ് സിറിയയിലേക്കും യമനിലേക്കും കൽപന അയക്കുക. അവിടെയുള്ള ഇസ്‌ലാമിക സൈന്യം ഇറാഖിലേക്ക് പുറപ്പെടട്ടെ! *(താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 523-524, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)* ഇതുപോലെതന്നെ ബസ്വറയിലുള്ള സൈന്യങ്ങൾക്കും അവിടെനിന്ന് പുറപ്പെടാൻ കല്പന കൊടുക്കുക! അങ്ങ് സ്വയം ഹിജാസിലെ സൈന്യവുമായി ഇവിടെനിന്ന് കൂഫയിലേക്ക് പുറപ്പെടുക.*(അഖ്ബാറുത്ത്വവാൽ, വഖഅത്തുനിഹാബൻദ്, പേജ് 193, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)* അങ്ങനെ വരുമ്പോൾ ശത്രുക്കളിലെ അംഗബലത്തിലെ ആധിക്യം നിമിത്തം അങ്ങയ്ക്കുള്ള ആശങ്ക ദൂരീകരിക്കപ്പെടുന്നതാണ്. ഈ അവസരമെങ്ങനെയുള്ളതാണെന്നാൽ ഇതിന്റെ ഫലം വളരെ നീണ്ടുനില്ക്കുന്നതായിരിക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ അങ്ങയുടേതായ അഭിപ്രായവും അങ്ങയുടെ കൂട്ടുകാരോടൊപ്പം അങ്ങുണ്ടാകുകയും വേണ്ടത് അനിവാര്യമാണ്. അതായത് സ്വയം ഫ്രണ്ട് ലൈനിൽ പോകേണ്ടതാണ്. ഹദ്റത്ത് ഉഥ്മാന്റെ ഈ അഭിപ്രായം ആ സഭയിലെ മിക്കവർക്കും ഇഷ്ടമായി. നാലുഭാഗത്തുനിന്നും അതാണ് ശരിയെന്ന് മുസ്‌ലിമീങ്ങൾ പറയാൻ തുടങ്ങി. ഹദ്റത്ത് ഉമർ(റ)ഇനിയും അഭിപ്രായങ്ങൾ പറയാൻ പറഞ്ഞു. അദ്ദേഹം അതിൽ തൃപ്തനായില്ല. ഇനിയും അഭിപ്രായങ്ങൾ വരട്ടെയെന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ ഹദ്റത്ത് അലി എഴുന്നേറ്റുനിന്നു. ഒരു ദീർഘമായ പ്രസംഗം ചെയ്തു. അദ്ദേഹം പറഞ്ഞു: 'യാ അമീറൽ മുഅ്മിനീൻ!അങ്ങ് സിറിയൻ സൈന്യത്തോടു അവിടെനിന്ന് മാറിനില്ക്കാൻ കല്പിച്ചാൽ അവിടെ റോമൻ ഭരണകൂടത്തിന് ആധിപത്യം ലഭിക്കും. ഇനി യമനിൽനിന്ന് ഇസ്‌ലാമിക സൈന്യത്തെ നീക്കിയാൽ അവിടെ അബീസീനിയൻ ഭരണകൂടം ഭരണം കൈയേറും. അങ്ങ് ഇവിടെനിന്ന് സ്വയം പുറപ്പെട്ടാൽ രാജ്യത്തിന്റെ പലഭാഗങ്ങളിൽനിന്നും അങ്ങയുടെ പേരു കേട്ടാൽ ആളുകൾ കൂടിച്ചേരാൻ ഒഴുകിയെത്തും. അങ്ങ് ഇവിടെനിന്ന് പോകുന്നത് അപകടം ഒഴിവാക്കാനാണെങ്കിൽ ഇവിടെ രാജ്യം ശൂന്യമായി. അതിലും വിപത്ത് സംഭവിക്കുന്നതാണ്. അതിനു പകരമായി ഹദ്റത്ത് അലി (റ)ഇപ്രകാരം അഭിപ്രായപ്പെട്ടു, ബസ്വറയിലേക്ക് ഇങ്ങനെ കല്പന അയക്കുക. മൊത്തം സൈന്യത്തെ മൂന്നു ഭാഗമായി തിരിക്കുക. ഒരു ഭാഗം മുസ്‌ലിം ജനവാസമുള്ളിടത്ത് വീടുകളും പരിസരങ്ങളും സംരക്ഷിക്കാൻ നിയോഗിക്കുക. ഒരു ഭാഗത്തെ സന്ധിയിലേർപെട്ട അധിനിവിഷ്ട പ്രദേശത്തേക്ക് അയക്കുക. അങ്ങനെ യുദ്ധസമയത്ത് അവിടെയുള്ളവർ കരാർലംഘിച്ച് പ്രക്ഷോഭമുണ്ടാക്കുന്നത് തടയാനാകുന്നതാണ്. ഒരു ഭാഗത്തെ മുസ്‌ലിമീങ്ങൾക്കുവേണ്ടി, കൂഫക്കാരെ സഹായിക്കാൻ അയക്കുക.*(താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 523-524, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)* ഇപ്രകാരംതന്നെ കൂഫക്കാർക്കെഴുതുക, സൈന്യത്തിന്റെ ഒരു ഭാഗത്തെ അവിടത്തന്നെ നിറുത്തുകയെന്ന്! രണ്ടുഭാഗങ്ങളെ ശത്രുക്കളെ നേരിടാൻ അയക്കുക.

അതുപോലെ സിറിയയിലെ സൈന്യങ്ങൾക്ക് സൈന്യത്തിന്റെ രണ്ടുഭാഗം സിറിയയിൽത്തന്നെ തങ്ങാൻ കല്പന നല്കുക. ഒരു ഭാഗത്തെ ഇറാനിലേക്കയക്കുക. അതേ ഉത്തരവ് ഒമാനിലേക്കും രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും നഗരങ്ങളിലേക്കും അയച്ചുകൊടുക്കുക.*(അഖ്ബാറുത്ത്വവാൽ, വഖഅത്തുനിഹാവൻദ്, പേജ് 193, പ്രസാധകർ*

*ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)* അങ്ങ് സ്വയം യുദ്ധത്തിന് പോകുന്നത് എന്തുകൊണ്ട് അനുയോജ്യമല്ലെന്നാൽ അങ്ങ് മുത്തുകൾ കോർക്കപ്പെട്ട ഒരു നൂൽ പോലെയാണ്. ആ നൂൽ പൊട്ടിയാൽ പിന്നീടൊരിക്കലും കൂട്ടിച്ചേർക്കാൻ കഴിയാത്ത വിധം മുത്തുകൾ ചിതറി വീഴുന്നതായിരിക്കും. അറേബ്യയുടെ ഭരണാധികാരി സ്വയം യുദ്ധത്തിന് വന്നിട്ടുണ്ടെന്ന് ഇറാനികൾ അറിയുകയാണെങ്കിൽ അവർ തങ്ങളുടെ പൂർണ ശക്തി ഉപയോഗിച്ച് പോരാടുന്നതായിരിക്കും. ശത്രുക്കളുടെ നീക്കങ്ങളെയും മുന്നേറ്റങ്ങളെയും കുറിച്ച് അങ്ങ് ഇവിടെ പറയുകയുണ്ടായി. എന്നാൽ, അല്ലാഹു അങ്ങയുടെ നീക്കങ്ങൾക്കും മുന്നേറ്റങ്ങൾക്കും എതിരായുള്ള ശത്രുക്കളുടെ നീക്കങ്ങളെയും മുന്നേറ്റങ്ങളെയും കഠിനമായി വെറുക്കുന്നു. താൻ വെറുക്കുന്നതിനെ മാറ്റി മറിക്കാനുള്ള ശക്തിയുള്ളവനാണ് അവൻ. ശത്രുക്കളുടെ എണ്ണം കൂടുതലാണെന്ന് അങ്ങ് പറയുകയുണ്ടായി. ഭൂതകാലത്ത് നമ്മുടെ രീതി അംഗസംഖ്യയുടെ ബലത്തിൽ യുദ്ധം ചെയ്യുക എന്നായിരുന്നില്ല, മറിച്ച് നമ്മുടെ യുദ്ധങ്ങൾ ദൈവ സഹായത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ടായിരുന്നു നടന്നിരുന്നത്. നമ്മുടെ കാര്യത്തിൽ വിജയമായാലും പരാജയമായാലും സൈന്യത്തിന്റെ എണ്ണവുമായി അതിന് ബന്ധമില്ല. ഇത് ദൈവം വിജയിപ്പിച്ച മതമാകുന്നു. അവൻ സഹായിക്കുകയും മലക്കുകൾ മുഖേന അവൻ പിന്തുണയ്ക്കുകയും ഈ സ്ഥാനത്ത് എത്തുകയും ചെയ്ത അവന്റെ സൈന്യമാണിത്. ദൈവത്തിന്റെ വാഗ്ദാനം നമ്മോട് കൂടെയുണ്ട്, അല്ലാഹു തന്റെ വാഗ്ദാനം തീർച്ചയായും പൂർത്തീകരിക്കുകയും തന്റെ സൈന്യത്തെ സഹായിക്കുകയും ചെയ്യും.'*(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 523, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'ഇത് ശരിയാണ്. ഞാൻ സ്വയം യുദ്ധത്തിന് പോവുകയാണെങ്കിൽ മുഴുവൻ അറേബ്യയും ഇളകി പുറപ്പെടുന്നതായിരിക്കുമെന്ന് മാത്രമല്ല ഇറാനികൾ പൂർണ ശക്തിയോടെ തങ്ങളുടെ കൂട്ടാളികളെ സഹായിക്കാൻ ഇറങ്ങി പുറപ്പെടുകയും ചെയ്യും. അവർ പറയും, അറേബ്യയിലെ ഏറ്റവും വലിയ ഭരണാധികാരി സ്വയം യുദ്ധമൈതാനത്ത് വന്ന സ്ഥിതിക്ക് ഈ യുദ്ധത്തിൽ നമ്മൾ ജയിക്കുകയാണെങ്കിൽ മുഴുവൻ അറേബ്യയും നമ്മൾ ജയിച്ചടക്കിയതുപോലെയാണ്. അതുകൊണ്ട് ഞാൻ യുദ്ധത്തിന് പോകുന്നത് അനുയോജ്യമായ പണിയല്ല. ഏതു വ്യക്തിയെ സൈന്യത്തിന്റെ കമാണ്ടറായി നിശ്ചയിക്കണമെന്ന് നിങ്ങളെല്ലാവരും ചേർന്ന് അഭിപ്രായം പറയുക! ഇറാഖിലെ യുദ്ധത്തിൽ പങ്കെടുത്ത് പരിചയമുള്ള വ്യക്തിയുടെ പേര് നിർദേശിക്കൂ. ജനങ്ങൾ ഹദ്റത്ത് ഉമറിനോടു പറഞ്ഞു; ഹുദൂർ ഇറാഖിലുള്ളവരും അവിടെയുള്ള സൈന്യവും അങ്ങയുടെ സന്നിധിയിൽ സംഘങ്ങളായി വരുന്നതുകൊണ്ട് അങ്ങയ്ക്ക് അവരെ കുറിച്ച് നല്ലതുപോലെ അറിയാം. അങ്ങയ്ക്ക് അവരെ പരിശോധിക്കാനും സംസാരിക്കാനും അവസരം ലഭിച്ചിരിക്കുന്നു. *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 524, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ഹദ്റത്ത് ഉമറിന്റെ ദീർഘദൃഷ്ടി ഈ ഉത്തരവാദിത്വത്തിനായി നബി(സ)തിരുമേനിയുടെ തലമുതിർന്ന സ്വഹാബാക്കളിൽ ഒരാളായ ഹദ്റത്ത് നുഅ്മാൻ ബിൻ മുഖർരിൻനെ തിരഞ്ഞെടുത്തു. *(അഖ്ബാറുത്ത്വവാൽ, വഖഅത്തുനിഹാവൻദ്, പേജ് 193, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

ഒരു രിവായത്തിൽ ഇപ്രകാരം വരുന്നു: ഹദ്റത്ത് നുഅ്മാൻ മസ്ജിദിൽ നമസ്കരിക്കുകയായിരുന്നു. അപ്പോൾ ഹദ്റത്ത് ഉമർ(റ) അവിടേക്ക് വന്നു. ഹദ്റത്ത് ഉമർ അദ്ദേഹത്തെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ അടുത്തുചെന്നിരുന്നു. നുഅ്മാൻ നമസ്കരിച്ചു കഴിഞ്ഞതും അദ്ദേഹം നുഅ്മാനോട് ഇപ്രകാരം പറഞ്ഞു: 'ഞാൻ താങ്കളെ ഒരു ഭാരവാഹിത്വം ഏല്പിക്കാനാഗ്രഹിക്കുന്നു.' നുഅ്മാൻ പറഞ്ഞു: 'ഏതെങ്കിലും സൈനനിക പദവിയാണെങ്കിൽ ഞാൻ തയ്യാറാണ്. എന്നാൽ, നികുതി പിരിക്കാനാണെങ്കിൽ എനിക്ക് താൽപര്യമില്ല.' ഹദ്റത്ത് ഉമർ(റ) പറഞ്ഞു: സൈനിക പദവിയാണ്. *(ഫുതൂഹുൽബുൽദാൻ, പേജ് 183, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

ത്വബരിയിൽ വരുന്ന ഒരു നിവേദനം കുറച്ചുകൂടി യാഥാർഥ്യവുമായി ബന്ധമുള്ളതാണ്. നഹാവിൻദിലെ യുദ്ധ ദൗത്യത്തിനുവേണ്ടി ഹദ്റത്ത് നുഅ്മാൻ ബിൻ മുഖർരിനെ നിയമിക്കുന്നതിനെ കുറിച്ച് ഞാൻ പറഞ്ഞതുപോലെ ത്വബരിയിലെഴുതിയിട്ടുള്ളത് ഇപ്രകാരമാണ്. ഇബ്നു ഇസ്ഹാഖ് പറയുന്നു: നിഹാവിൻദിനെ കുറിച്ചുള്ള സംഭവങ്ങളിൽ വരുന്ന ഒരു സംഭവം എന്തെന്നാൽ നുഅ്മാൻ ബിൻ മുഖർരിൻ 'കസ്കർ' എന്ന സ്ഥലത്ത് ആമിലായി(നികുതി പിരിവുകാരൻ) നിയമിതനായിരുന്നു. അദ്ദേഹം ഹദ്റത്ത് ഉമർ(റ)ന് ഇപ്രകാരം കത്തെഴുതി: 'സഅ്ദ് ബിൻ അബി വഖാസ് എന്നെ നികുതി പിരിക്കുന്നതിന് നിയമിച്ചിരിക്കുകയാണ്. എന്നാൽ, എനിക്ക് ജിഹാദിനോടാണ് താൽപര്യവും ഇഷ്ടവും.' അങ്ങനെ സഅ്ദ് ബിൻ അബി വഖാസിന് ഹദ്റത്ത് ഉമർ(റ) ഇപ്രകാരം എഴുതി: 'താങ്കൾ നുഅ്മാനെ നികുതി പിരിക്കാൻ നിയമിച്ചിരിക്കുകയാണെന്നും എന്നാൽ, അദ്ദേഹത്തിന് ഈ ജോലിയോട് താൽപര്യമില്ലെന്നും മറിച്ച് ജിഹാദിനോടാണ് താൽപര്യവും ഇഷ്ടവുമെന്നും അദ്ദേഹം എനിക്കെഴുതിയിരിക്കുന്നു. അതുകൊണ്ട് അദ്ദേഹത്തെ നിഹാവൻദിലെ അതിപ്രാധാനമായ യുദ്ധ ദൗത്യത്തിന് അയക്കുക. ചുരുക്കത്തിൽ ഈ സുപ്രധാനമായ ദൗത്യം ഹദ്റത്ത് നുഅ്മാൻ ബിൻ മുഖർരിന് ഏല്പിക്കപെട്ടു. ശത്രുക്കളുമായുള്ള പോരാട്ടത്തിന് അദ്ദേഹം പുറപ്പെടുകയും ചെയ്തു. ഹദ്റത്ത് ഉമർ(റ) കൂഫയിൽ ഉണ്ടായിരുന്നപ്പോഴാണ് നുഅ്മാന് കത്തെഴുതിയതെന്ന് പറയപ്പെടുന്നു. ഈ കത്തും അദ്ദേഹം മദീനയിൽ ഇല്ലായിരുന്നു, മറിച്ച് കൂഫയിലായിരുന്നുവെന്നുള്ളതിന് തെളിവാണ്. ഈ കത്ത് ഇപ്രകാരമായൊരുന്നു: 'ബിസ്മില്ലാഹിർറഹ്മാനിർറഹീം. നുഅ്മാൻ ബിൻ മുഖർരിന്! സലാമുൻ അലയ്ക്ക. അതിനുശേഷം ഇപ്രകാരം എഴുതി: 'ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ആരാധനക്കർഹൻ അവനല്ലാതെ മറ്റാരുമില്ല. അമ്മാ ബഅ്ദ്, നിങ്ങൾക്കെതിരിൽ യുദ്ധം ചെയ്യുന്നതിന് ഇറാനികളുടെ ഒരു വലിയ സൈന്യം നിഹാവൻദ് പട്ടണത്തിൽ ഒത്തുചേർന്നിട്ടുണ്ടെന്ന് എനിക്ക് അറിയിപ്പ് ലഭിച്ചിരിക്കുന്നു. എന്റെ കത്ത് താങ്കൾക്ക് ലഭിച്ചാൽ അല്ലാഹുവിന്റെ കല്പന പ്രകാരം അവന്റെ സഹായസഹകരണത്തോടുകൂടി താങ്കളുടെ കൂട്ടാളികളായ മുസ്‌ലിമീങ്ങളെയും കൂട്ടി പുറപ്പെടുക. എന്നാൽ, യാത്ര ചെയ്യാൻ ബുദ്ധിമുട്ടുള്ള വരണ്ട പ്രദേശങ്ങളിലൂടെ അവരേയുംകൊണ്ട് പോകരുത്. അവരുടെ അവകാശങ്ങൾ നൽകുന്നതിൽ കുറവ് വരുത്തുകയുമരുത്. അങ്ങനെ അവർ നന്ദിയില്ലാത്തവരായി മാറാതിരിക്കട്ടെ. അതുപോലെതന്നെ അവരെ ചതുപ്പ് പ്രദേശങ്ങളിലൂടെയും കൊണ്ടുപോകരുത്. എന്തെന്നാൽ, ഒരു മുസ്‌ലിം എനിക്ക് ഒരു ലക്ഷം ദീനാറിനെക്കാൾ പ്രിയപ്പെട്ടവനാണ്. വസ്സലാമു അലയ്ക്ക.''

ഈ കല്പന നടപ്പിൽ വരുത്താൻ അദ്ദേഹം ശത്രുക്കൾക്കെതിരായുള്ള പോരാട്ടത്തിന് പുറപ്പെട്ടു. അദ്ദേഹത്തിന്റെ കൂടെ ചില വിശിഷ്ടരും ധീരന്മാരുമായ മുസ്‌ലിമീങ്ങളുമുണ്ടായിരുന്നു. ഉദാഹരണത്തിന് ഹുദയ്ഫ ബിൻ യമാൻ, ഇബ്നു ഉമർ, ജരീർ ബിൻ അബ്ദുല്ലാഹ് ബജല്ലീ, ഹദ്റത്ത് മുഗീറ ബിൻ ശുഅ്ബ, അംറ് ബിൻ മഅ്ദി യക്‌രിബ്, ത്വുലയ്ഹാ ബിൻ ഖുവയ്‌ലിദ് അസദി, ഖയ്സ് ബിൻ മശ്ഹൂദ് മുറാദ് എന്നിവരുണ്ടായിരുന്നു. *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 518, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ഹദ്റത്ത്ഉമർ(റ)ഇപ്രകാരം നിർദേശിച്ചിരുന്നു: 'നുഅ്മാൻ ബിൻ മുഖർരിൻ ശഹീദാവുകയാണെങ്കിൽ ഹുദയ്ഫ ബിൻ യമാൻ

ശേഷം പേജ് 8 ൽ

## ഹദീഥുന്നബ്‌വി(സ):

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*

## കലാമുൽ ഇമാം:

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."**

*(മൽഫൂദാത്ത് വാള്യം 1, പേജ് 64)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# വെർച്ചുവൽ കൂടിക്കാഴ്ച; ചോദ്യങ്ങളും മറുപടികളും

## (ഭാഗം മൂന്ന്)

വിവർത്തനം: ആരിഫ് മുഹമ്മദ്

എല്ലാ ആഫ്രിക്കൻ രാജ്യങ്ങളേയും അപേക്ഷിച്ച് ഏറ്റവും കുറഞ്ഞത് ഘാന ഒന്നാമതാകേണ്ടതാണ്. ഇതെന്റെ മോഹവും ആഗ്രഹവുമാണ്. ഘാനയിലെ എല്ലാ അഹ്മദികളിലേക്കും എന്റെ ഈ സന്ദേശമെത്തിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പശ്ചിമാഫ്രിക്കൻ രാജ്യമായ ഘനയിലെ നാഷണൽ മജ്ലിസ് ആമിലയ്ക്ക് 2021 നവബർ 28ന് ബുസ്താനെ അഹ്മദിലെ എം.ടി.എ യുടെ വഹാബ് ആദം സ്റ്റുഡിയോ മുഖേന തങ്ങളുടെ പ്രിയ ഇമാം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസുമയി ഒരു വെർച്വൽ കൂടിക്കാഴ്ചയ്ക്ക് സൗഭാഗ്യം ലഭിച്ചു.

2004 -ലെ ഖിലാഫത്തിനുശേഷം ആദ്യമായി ഹുദൂർ തിരുമനസ്സ് ഘാന സന്ദർശിച്ചപ്പോൾ അക്റാ പട്ടണത്തിലെ അഹ്മദിയ്യാ മിഷൻ നാഷണൽ ഹെഡ്കോർട്ടേർസിൽ വെച്ച് നാഷണൽ മജ്ലിസെ ആ മില അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. അതുകൊണ്ട് 2020 നവംബർ 28 ആഹ്ലാദ ദിനമായിരുന്നു. ഏകദേശം 16 വർഷങ്ങൾക്കു ശേഷമാണ് നാഷണൽ മജ്ലിസെ ആമില അംഗങ്ങൾക്ക് ഈ സൗഭാഗ്യം ലഭിച്ചിരിക്കുന്നത്. കൂടിക്കാഴ്ച 12:18 ന് ആരംഭിച്ചു. ഏകദേശം 80 മിനുട്ട് അതു തുടർന്നു. കൂടിക്കാഴ്ചയുടെ ആരംഭത്തിൽ ഹുദൂർ അൻവർ ദുആ ചെയ്യിക്കുകയുണ്ടായി. ഹുദൂർ തിരുമനസ്സിന്റെ മുഖകമലം കൂടിക്കാഴ്ചയിലുടനീളം അങ്ങേയറ്റം സ്നേഹവും പ്രേമവുംകൊണ്ട് വിളങ്ങിനിന്നു. എല്ലാ വിധത്തിലും ഹുദൂർ തിരുമനസ്സിന്റെ സ്നേഹം പ്രകടമായിരുന്നു. അമൂല്യമായ നിർദേശങ്ങളുടെയും സ്നേഹത്തിന്റെയും സുന്ദരസുരഭില ലയനമായിരുന്നു അത്. ദുആക്കുശേഷം ആമിലാ അംഗങ്ങൾ ഓരോരുത്തരും സ്വയം തങ്ങളെ പരിചയപ്പെടുത്തുകയും തുടർന്ന് ഹുദൂർ അൻവറി(അയ്യദഹുല്ലാഹ്) ൽ നിന്ന് തങ്ങളുടെ വകുപ്പ് സംബന്ധമായ ഉപദേശനിർദേശങ്ങൾ സ്വീകരിക്കുകയുമുണ്ടായി.

ഹുദൂർ തിരുമനസ്സിന് ഘാനയിലെ പല ആളുകളുമായും പരിചയമുണ്ടെന്നതും ഘാനയുടെ സൗഭാഗ്യമാണ്. സൗഭാഗ്യവാന്മാരായ ചിലർ തങ്ങളെ പരിചയപ്പെടുത്തുമ്പോൾ ഹദൂർ തന്റെ മുൻപരിചയം പറഞ്ഞുകൊണ്ട് സ്നേഹം പ്രകടിപ്പിക്കുകയുണ്ടായി. ഹുദൂർ തിരുമനസ്സിന് വ്യക്തിപരമായി പല സ്ഥലങ്ങളിലേയും ആളുകളുമായി പരിചയമുണ്ടെന്നത് എല്ലാവരെയും ഹർഷോന്മാദരാക്കി.

അമീർ-മിഷണറി ഇൻചാർജ് മൗലവി മുഹമ്മദ് ബിൻ സ്വാലിഹ് സാഹിബ് നാഇബ് അമീറുമാരെ പരിചയപ്പെടുത്തിയതിനുശേഷം ഹുദൂർ തിരുമനസ്സ് അഹ്മദിയ്യ ജമാഅത്ത് ഘാന ജനറൽ സെക്രട്ടറി സാഹിബിനോട് പ്രവർത്തനങ്ങളെ സംബന്ധിച്ച് ചോദിക്കുകയും തുടർന്ന് പ്രവർത്തനങ്ങളിൽ മുന്നേറാനുള്ള നിർദേശങ്ങൾ നൽകുകയും ചെയ്തു. ഹുദൂർ പറഞ്ഞു: താങ്കൾ എല്ലാ ദിവസവും കുറഞ്ഞത് രണ്ടുമണിക്കൂർ മിഷൻ ഹൗസിൽവന്ന് പ്രവൃത്തിക്കുകയാണെങ്കിൽ ഉത്തമമായിരിക്കും.

അതിനു ശേഷം ഹുദൂർ അൻവർ(അയ്യദഹുല്ലാഹ്) ജാമിഅ അഹ്മദിയ്യാ ഘാനയുടെ പ്രിൻസിപ്പാളിനോട് ജാമിഅയിലെ വിദ്യാർഥികളുടെ എണ്ണത്തെ സംബന്ധിച്ച് ചോദിക്കുകയുണ്ടായി. പ്രിൻസിപ്പാൾ സാഹിബ് പറഞ്ഞു: ജാമിഅ അഹ്മദിയ്യാ ഇന്റർനാഷണൽ ഘാനയിൽ ഇപ്പോൾ 24 രാജ്യങ്ങളിൽ നിന്ന് 231 വിദ്യാർഥികൾ പഠിക്കുന്നുണ്ട്.

ഹുദൂർ തിരുമനസ്സ് പറഞ്ഞു: മാശാ അല്ലാഹ്! ഇത് യഥാർഥ അർഥത്തിൽ ജാമിഅ ഇന്റർനാഷണലാണ്!

ഈ വർഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഘാനക്ക് തഹ്രീക്കെ ജദീദിന്റെ സാമ്പത്തിക ത്യാഗത്തിൽ ആദ്യത്തെ പത്തു രാജ്യങ്ങളിൽ സ്ഥാനം ലഭിച്ചിട്ടുണ്ട്. നാഷണൽ സെക്രട്ടറി തഹ്രീക്കെ ജദീദുമായി ഹുദൂർ തിരുമനസ്സ് സംസാരിച്ചപ്പോൾ അഹ്മദിയ്യാ ജമാഅത്ത് ഘാനയെ ആദ്യ പത്തു രാജ്യങ്ങളിലിടം പിടിച്ചതിന് അഭിനന്ദിക്കുകയും ഉപദേശനിർദേശങ്ങൾകൊണ്ട് അനുഗ്രഹിക്കുകയും ചെയ്തു.

വഖ്ഫെ ജദീദിന്റെ സാമ്പത്തിക വർഷവും അവസാനിക്കുകയാണ്. അതുകൊണ്ട് ഹുദൂർ അൻവർ നാഷണൽ സെക്രട്ടറി വഖ്ഫെ ജദീദിനോട് തഹ്രീക്കെ ജദീദിനെപ്പോലെ മുന്നേറാൻ പ്രോത്സാഹിപ്പിച്ചു കെണ്ട് പറഞ്ഞു: ഘാന കുറഞ്ഞപക്ഷം എല്ലാ ആഫ്രിക്കൻ രാജ്യങ്ങളേയും അപേക്ഷിച്ച് ഒന്നാമതാകണം. ഇതെന്റെ മോഹവും ആഗ്രഹവുമാണ്. ഘാനയിലെ എല്ലാ അഹ്മദികളിലേക്കും എന്റെ ഈ സന്ദേശമെത്തിക്കുക.

ഹുദൂർ തിരുമനസ്സ് നാഇബ് സെക്രട്ടറി തബ്ലീഗിന് നിർദേശം നൽകി: തിർച്ചയായും കോവിഡ് കാരണം ജനങ്ങളെ ഒരുമിച്ചുകൂട്ടി തബ്ലീഗ് ചെയ്യുക സാധ്യമല്ല. പക്ഷേ, വ്യക്തിപരമായ തബ്ലീഗ് സാധ്യമാണ്. അത് തുടരേണ്ടതുമാണ്. ഹുദൂർ അൻവർ പറഞ്ഞു: 'നിങ്ങളെല്ലാവരും എന്നോട് തൽസമയം സംസാരിക്കുന്നതും ഞാൻ ഘാനയിലെ നാഷണൽ മജ്ലിസെ ആമിലയെ സംബോധന ചെയ്യുന്നതും കോവിഡ് 19 കാരണമാണ്. ഇതുപോലെ നിങ്ങളും പുതിയ പുതിയ വഴികൾ കണ്ടെത്തുക. പുതിയ മാർഗങ്ങൾ ആസൂത്രണം ചെയ്യുക. കോവിഡിന്റെ സാഹചര്യത്തിൽ നമ്മൾ ജനങ്ങളിലേക്ക് എങ്ങനെ എത്തും? നമ്മൾ എങ്ങനെ തബ്ലീഗ് ചെയ്യും? മാശാ അല്ലാഹ് നിങ്ങളുടേത് വളരെ ഉറച്ച ബുദ്ധിയാണ്, നിങ്ങൾ പരിശ്രമിക്കുകയാണെങ്കിൽ ഇത് സാധ്യമാവുന്നതാണ്. അതോടെപ്പംതന്നെ നാഷണൽ തബ്ലീഗ് സെക്രട്ടറിയെ സംബോധന ചെയ്തുകൊണ്ട് ഹുദൂർ തിരുമനസ്സ് പറഞ്ഞു: താങ്കൾക്ക് ആരോഗ്യപരമായ കാരണത്താൽ പുറത്തുപോകാൻ സാധ്യമല്ല. എന്നാൽ, താങ്കളുടെ അഡീഷണൽ സെക്രട്ടറി സാഹിബിന് പിന്തുടരാൻ പറ്റിയ ഒരു സമഗ്രമായ മാർഗരേഖ തയ്യാറാക്കി നൽകാവുന്നതാണ്. ഞാൻ പറഞ്ഞതുപോലെ ഈ സാഹചര്യത്തിൽ പ്രവൃത്തിക്കാൻ പല തരത്തിലുള്ള മാർഗങ്ങളുണ്ട്.

സെക്രട്ടറി തഅ്ലീമിനോട് സ്നേഹം പങ്കിട്ടുകൊണ്ട് ഹുദൂർ അൻവർ പറഞ്ഞു: 'ഞാൻ ഘാനയിൽ നിന്ന് തിരിച്ചുവരുമ്പോൾ താങ്കൾ യുവാവായിരിന്നു. ഇപ്പോൾ പ്രായമായി. യൂണിവേഴ്സിറ്റിയിൽ പോകുന്ന എല്ലാ വിദ്യാർഥി വിദ്യാർഥിനികളുടെയും എണ്ണം കൈയിൽ ഉണ്ടായിരിക്കേണ്ടതാണെന്ന് ഹുദൂർ തിരുമനസ്സ് അദ്ദേഹത്തിന് നിർദേശം നൽകി. അതുപോലെ തന്നെ എല്ലാ സെക്കൻഡറി സ്കൂൾ വിദ്യാർഥി വിദ്യാർഥിനികളുടെയും പ്രൈമറി സ്കൂളിനുശേഷം പഠനം ഉപേക്ഷിച്ചരുടെയും കണക്ക് ഉണ്ടായിരിക്കേണ്ടതാണ്. പഠനം ഉപേക്ഷിക്കാനുള്ള കാരണവും അന്വേഷിക്കുക. ഇതുപോലെ എല്ലാ കാര്യങ്ങളും ശേഖരിക്കുക. എന്തെന്നാൽ, വിദ്യാർഥി വിദ്യാർഥിനികൾ പഠനം തുടരാനാഗ്രഹിക്കുകയും പക്ഷേ,സാഹചര്യം കാരണം അല്ലെങ്കിൽ കുടുബത്തിലെ സാമ്പത്തിക ഞെരുക്കം കാരണത്താൽ അതിനു സാധ്യമാവാതിരിക്കുകയുമാണെങ്കിൽ നമുക്കെങ്ങനെ അവരെ സഹായിക്കാൻ സാധിക്കുമെന്ന് ചിന്തിക്കുക. ജമാഅത്തിന് ഇക്കര്യത്തിൽ എന്ത് സഹായം നൽകാനാവും? താങ്കളുടെ കൈയിൽ ഈ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും അറിവ് ഉണ്ടായിരിക്കേണ്ടതാണ്

ഹുദൂർ അൻവർ(അയ്യദഹുല്ലാഹ്) ജമാഅത്തീ പത്രമായ guidance നെ സംബന്ധിച്ച് നാഷണൽ സെക്രട്ടറി ഇശാഅത്തിനോട് ചോദിക്കുകയും നിർദേശം നൽകുകയും ചേയ്തു. പറഞ്ഞു: ഇത് സ്ഥിരമായിട്ട് പ്രസിദ്ധീകരിക്കേണ്ടതാണ്. കാരണം, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യ ജമാഅത്ത് ഘാനയുടെ പക്കൽ ഫലഭൂയിഷ്ഠമായ ബുദ്ധികളും മെറ്റീരിയലുകളുംമുണ്ട്.

ഹുദൂർ അൻവർ(അയ്യദഹുല്ലാഹ്) മുഹാസിബ് സാഹിബിനോട് പറഞ്ഞു: 'എല്ലാ രസീദുകളും താങ്കൾ തീർച്ചയായും പരിശോധിക്കേണ്ടതാണ്.'

ഹുദൂർ അൻവർ(അയ്യദഹുല്ലാഹ്) ഇന്റേണൽ ഓഡിറ്റർ സാഹിബിന് ഓഡിറ്റിനെ സംബന്ധിച്ച് പെതുനിർദേശം നൽകിക്കെണ്ട് പറഞ്ഞു: 'മൂന്ന് മാസത്തിൽ ഒരിക്കൽ അല്ലെങ്കിൽ കുറഞ്ഞപക്ഷം വർഷത്തിൽ രണ്ടു പ്രാവശ്യം ഓഡിറ്റ് തീർച്ചയായും നടത്തേണ്ടതാണ്.'

സെക്രട്ടറി ഉമൂറെ ഖാരിജയോട് രാഷ്ട്രീയക്കാരോടും രാഷ്ട്രീയ പാർട്ടികളോടും ജമാഅത്തിനുള്ള ബന്ധത്തെ സംബന്ധിച്ചും പാർലമെന്റ് അംഗങ്ങളോടും പ്രസിഡന്റുമരോടുമുള്ള ജമാഅത്തിന്റെ ബന്ധത്തെ സംബന്ധിച്ചും ചോദിച്ചശേഷം നിർദേശിക്കുകയുണ്ടായി: താങ്കൾക്ക് എല്ലാ രാഷ്ട്രീയക്കാരോടും വ്യക്തിപരമായ ബന്ധം വേണം. പ്രത്യേകിച്ചും പാർലമെന്റ് അംഗങ്ങളോട്....... രാജ്യത്തിന് അഭിവൃദ്ധി ഉണ്ടാവാൻ രാജ്യത്തിന്റെ മുന്നേറ്റത്തിനായി പരിശ്രമിക്കാൻവേണ്ടി അവരെ താങ്കൾ പ്രേരിപ്പിക്കേണ്ടതാണ്.

സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായോട് ഹുദൂർ തിരുമനസ്സ് ഖാദിമീങ്ങളുടെ എണ്ണത്തെ സംബന്ധിച്ചു ചോദിപ്പപ്പോൾ അദ്ദേഹം രജിസ്ട്രേഷൻ അടിസ്ഥാനത്തിൽ ഖാദിമീങ്ങളുടെയും അത്ഫാലിന്റേയും കണക്ക് സമർപ്പിക്കുകയുണ്ടായി. ഹുദൂർ തിരുമനസ്സ് പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ തജ്നീദ് പുതുക്കേണ്ട ആവശ്യമുണ്ട്. ജമാഅത്തിന്റെ എല്ലാ മജ്ലിസുകളിലുംപോയി സൂക്ഷ്മമായ രീതിയിൽ തജ്നീദ് ശേഖരിക്കുക.'

ഹുസൂർ തിരുമനസ്സ് സെക്രട്ടറി തർബിയ്യത്ത് നൗമുബായീനോട് ചോദിച്ചു: നവാഗതരെ ജമാഅത്തുപരമായ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാനും ജമാഅത്ത് വ്യവസ്ഥിതിയിൽ ഭാഗഭാക്കാക്കാനും എന്ത് പ്രവർത്തനങ്ങളാണ് ചെയ്തിട്ടുള്ളത്? ഈ വകുപ്പിനെ സംബന്ധിച്ച് ഹുദൂർ തിരുമനസ്സ് പറഞ്ഞു: 'മൂന്ന് വർഷത്തിനുള്ളിൽ അവരെ ജമാഅത്ത് സംവിധാനത്തിന്റെ ഭാഗമാക്കാൻ സാധ്യമാവുന്ന രീതിയിലുള്ള പദ്ധതികൾ നടത്തേണ്ടതാണ്.'

ഹുദൂർ അൻവർ ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) തഅ്ലീമുൽ ഖുർആൻ വഖ്ഫെ ആർസി സെക്രട്ടറി സാഹിബിന് നിർദേശം നല്കിക്കൊണ്ട് പറഞ്ഞു: 'ആദ്യം ആമിലാ മെമ്പർമാരെക്കൊണ്ട് വഖ്ഫെ ആർസി ചെയ്യിക്കുക. ആദ്യം നാഷണൽ ആമില അംഗങ്ങൾ, പിന്നെ റീജ്യണൽ ആമിന അംഗങ്ങൾ, പിന്നെ ഇതു പോലെ ലോക്കൽ മജലിസെ ആമില അംഗങ്ങളെ വഖ്ഫെ ആർസി ചെയ്യാൻ പ്രേരിപ്പിക്കുക. ഇത് താങ്കൾക്ക് തബ്ലീഗിലും ജമാഅത്തിന്റെ തർബിയ്യത്തിലും സഹായമകമാകുന്നതാണ്.

ഹുദൂർ അൻവർ(അയ്യദഹുല്ലാഹ്) നാഷണൽ സെക്രട്ടറിമാരോട് സംസാരിച്ചശേഷം സോണൽ മുബല്ലിഗുമാരെയും സ്വദ്ർമാരെയും ഒരോരുത്തരായി പരി

ശേഷം പേജ് 12 ൽ

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

**2019 ഒക്ടോബർ 7 തിങ്കളാഴ്ച**
**(ബദ്ർ വാല്യം 6 ലക്കം 37 പേജ് 12–ൽനിന്ന് തുടർച്ച.....)**

## സെന്റ് പ്രിക്സ് (Saint Prix) മേയറുമായുള്ള ഹുദൂറിന്റെ കൂടിക്കാഴ്ച

ഹുദൂർ അന്വേഷിച്ചതു പ്രകാരം മേയർ പറഞ്ഞു:ഞാൻ ഈ സ്ഥാനത്ത് 25 വർഷമായി പ്രവർക്കുന്നു.എന്നാൽ ഈ ടേമിന്നുശേഷം ഞാനിത് നിറത്തുകയാണ്.

ഹുദൂർ: എന്താ ക്ഷീണിച്ചു പോയോ?അതോ ഭാവിയിൽ പാർലമെന്റിൽ പോകാൻ ആഗ്രഹിക്കുന്നുണ്ടോ?

◑ മേയർ: എന്തെങ്കിലും പ്രവൃത്തികൾ തുടർന്നു കൊണ്ടിരിക്കും.എന്നാൽ ഇനി രാഷ്ട്രീയത്തിൽ നിൽക്കാന് ആഗ്രഹിക്കുന്നില്ല. ഇനി ഞാനെന്റെ പ്രദേശങ്ങളെ കൂടുതൽ പച്ചപ്പാക്കുന്നതിൽ ശ്രദ്ധിക്കാനാണ് ആഗ്രഹിക്കുന്നത്. ക്യത്രിമ വളം പ്രയോഗിക്കാതെ കാര്യങ്ങൾ ചെയ്യാനാണ് നമ്മൾ ആഗ്രഹിക്കുന്നത്. ക്യത്രിമ വളം കൊണ്ടുള്ള വനവൽക്കരണം 2008-ൽ ഞാൻ സ്കൂളുകളിൽ തടഞ്ഞിരുന്നു. സ്കൂളുകളിൽ ഇതല്ലാത്ത ചെടികൾ ഞങ്ങൾ നല്കിയിരുന്നു.

ഹുദൂർ: മറ്റുള്ളവരോടും പറയുക.

◑ മേയർ:അഹ്മദിയ്യാ ജമാഅത്ത് ഓരോ വർഷവും തുടക്കത്തിൽ വിവിധ പ്രദേശങ്ങളിൽ പോയി ശുചീകരണ പ്രവൃത്തികൾ നടത്തി വരുന്നു. ഈ പ്രദേശങ്ങളിൽ ജമാഅത്ത് ഞങ്ങളെ വളരെയധികം സഹായിക്കുന്നു. പ്രതിഫലം കൈപ്പറ്റാതെതന്നെ സേവനം ചെയ്യുന്നു. പൂന്തോട്ടങ്ങളും വ്യത്തിയാക്കുന്നു.

അമീർ സാഹിബ് ഫ്രാൻസ: മേയർ എല്ലായിടത്തും നമ്മെ സഹായിക്കുന്നുണ്ട്. ജമാഅത്തിന് അനുകൂലമായി സംസാരിക്കുന്നു.

◑ മേയർ: അഹ്മദിയ്യാ ജമാഅത്ത് നമ്മുടെ പ്രദേശത്തു നിലനില്ക്കുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. ഞാൻ മറ്റുള്ള ആരേയും ആശ്രയിക്കാറില്ല. അഹ്മദിയ്യാ ജമാഅത്തിനെ മാത്രമേ ആശ്രയിക്കാറുള്ളൂ. വേറെ ആര് എനിക്കെന്തൊന്ന് നല്കിയില്ലെങ്കിലും ജമാഅത്തിനോട് ചോദിക്കുന്നത് ജമാഅത്ത് എനിക്ക് നല്കുമെന്ന് എനിക്കറിയാം.എന്റെ പട്ടണമാസകലം അഹ്മദിയ്യാ ജമാഅത്തിനെ സ്നേഹിക്കുന്നു. ഞാൻ മാത്രമല്ല സ്നേഹിക്കുന്നത്.

തുടർന്ന് പ്ലാസ്റ്റിക്കിന്റെ കവറുകൾ നിരോധിക്കുന്നതുമായി ബന്ധപ്പെട്ട് സംഭാഷണം നടന്നു.മേയർ പറഞ്ഞു: എന്റെ പ്രവർത്തന പരിധിക്കുള്ളിൽ സാധ്യമാകുന്ന എല്ലാ നിയന്ത്രണവും ഞാൻ നടപ്പിലാക്കിയിട്ടുണ്ട്. ശേഷിക്കുന്ന കാര്യങ്ങൾ ഇനി നടേ വരുന്നതാണ്. പ്ലാസ്റ്റിക് കവറുകൾ കടകളിലും മറ്റും ഉപയോഗിച്ചു വരുന്നു.ലോകത്ത് പകുതി പ്രദേശങ്ങളിലും മലിനീകരണം വന്നത് പ്ലാസ്റ്റിക് കാരണത്താലാണ്. പാഴ്വസ്തുക്കൾ സമുദ്രത്തിൽ കൊണ്ടു പോയി എറിയുന്നു. ഫാക്റ്ററികളിൽനിന്നു വരുന്ന പാഴ്വസ്തുക്കളും മലിനീകരണം സ്യഷ്ടിക്കുന്നു. ഈ വെള്ളമെല്ലാം സമുദ്രത്തിലേക്കാണ് ഒഴുകുന്നത്. തുടർന്ന് ഇതു കടൽ ജീവികളേയും ബാധിക്കുന്നു.

◑ മേയർ: നിങ്ങളുടെ ജമാഅത്ത് വ്യക്ഷങ്ങൾ വെച്ചു പിടിപ്പിക്കുന്നതിൽ സദാ മുഴുകിയിരിക്കുന്നു എന്നെനിക്കറിയാം.

ഹുദൂർ:വനങ്ങളിൽനിന്നു മരങ്ങൾ മുറിച്ചെടുക്കുന്നതിനാൽ ലോകത്തിന്റെ അന്തരീക്ഷം തന്നെ മോശമായിരിക്കുന്നു. ഇനി കുറച്ച് പ്ലാസ്റ്റിക്കും നശിപ്പിക്കും.

◑ മേയർ:ഇത് നൂറു ശതമാനവും ശരിയാണ്. ഹുദൂർ ലോകത്ത് എല്ലാ സ്ഥലത്തും പോകുന്നു.വളരെ വലിയ വ്യക്തിത്വമാണ്. ഹുദൂർ ഞങ്ങളോടൊപ്പം നില്ക്കണം.

ഹുദൂർ:ഞങ്ങൾ നിങ്ങളോടൊപ്പം നില്ക്കും. നിങ്ങളുടെ പ്രദേശത്തെ പുരോഗമന പാതയിൽ എത്തിക്കാൻ ഞങ്ങൾ സഹായിക്കും.

◑ മേയർ: ജമാഅത്ത് മുമ്പേമുതലേ വളരെ സഹായിക്കുന്നു. ഞാൻ കേവലം സ്നേഹം പ്രകടിപ്പിക്കാൻ ഇവിടെ വന്നതാണ്.

ഹുദൂർ:ഞങ്ങൾ എവിടെയൊക്കെ താമസിക്കുന്നുണ്ടോ അവിടെയെല്ലാം അവിടുത്തെ സാഹചര്യങ്ങളനുസരിച്ച് സഹായം നല്കുന്നുണ്ട്. എല്ലായിടത്തും ജമാഅത്ത് ഈ പ്രവ്യത്തി ചെയ്തു വരുന്നുണ്ട്.

◑ മേയർ: ഞാൻ ഹുദൂറിനെ കാണാൻവേണ്ടി മാത്രമാണ് വന്നത്.

ഹുദൂർ:താങ്കളെ കാണാൻ സാധിച്ചതിൽ വളരെ സന്തോഷമുണ്ട്.11 വർഷത്തിനു ശേഷമാണ് താങ്കളെ കാണുന്നത്. താങ്കളുടെ ഓർമയിലുണ്ടല്ലോ. താങ്കൾക്കു നന്ദി.

◑ മേയർ:ലോകത്ത് സമാധാനം കൈവരുത്താൻവേണ്ടി ഹുദൂർ നടത്തുന്ന ശ്രമങ്ങൾ മുന്നോട്ട് നീങ്ങട്ടെ. ഞാൻ ഹുദൂറിനെ കാണുന്ന കാര്യം ലോകത്ത് മറ്റെവിടേയും എനിക്ക് കാണാൻ കഴിയുന്നില്ല. ഇസ്ലാമിന്റെ മേൽ വീഴ്ത്തപ്പെടുന്ന കറകൾ തുടച്ചു നീക്കാൻ ശ്രമിക്കുന്നതാണ്.

ഹുദൂർ:ഞങ്ങൾ അഹ്മദികൾ എല്ലാ സ്ഥലത്തും അതുതന്നെയാണ് ചെയ്തു വരുന്നത്. സമാധാന സ്ഥാപനത്തിനുവേണ്ടി വിവിധ സ്ഥലങ്ങളിൽ പ്രോഗ്രാമുകൾ നടത്തുന്നു. ഇസ്ലാമിന്റെ യഥാർഥ മുഖം സമർപ്പിക്കുന്നു.

◑ മേയർ:നമ്മുടെ ഈ പട്ടണത്തിന്റെ ജനസംഖ്യ 7000 ആണ്. പാരീസ് റീജ്യണെ വെച്ച് നോക്കുമ്പോൾ ഇത് ചെറിയൊരു പ്രദേശമാണ്. ചിലർ ജോലി ആവശ്യാർത്ഥം പാരീസിലേക്ക് മാറുന്നുണ്ട്.

◑ ഹുദൂർ:ഇവിടെ ഫ്ളാറ്റ് ടൈപ്പ്, കുറഞ്ഞ റേറ്റിൽ വീടുകൾ നിർമിക്കുകയാണെങ്കിൽ പട്ടണത്തിനു പുറത്തുപോയി താമസിക്കാൻ ആഗ്രഹിക്കുന്നവർ കുറഞ്ഞ വിലയുള്ള സ്ഥലങ്ങളിൽ വന്ന് താമസിക്കും. ജനസംഖ്യയും ഇപ്രകാരം സന്തുലിതമാകും.

◑ മേയർ:പാവപ്പെട്ടവർ ആരെങ്കിലും ഉണ്ടെങ്കിൽ അവർക്കും വീട് നല്കാനാണ് എന്റെ ശ്രമം. വിലകുറഞ്ഞ ചെറിയ വീട് നിർമിക്കാൻ!

ഹുദൂർ:ജനങ്ങൾ ചെറിയ വീട് ആഗ്രഹിക്കുന്ന നാൾ വരാനിരിക്കുന്നു. കാരണം അത് നോക്കി നടത്താൻ കഴിയും. ഇപ്പോൾ വലിയ വീട് നോക്കി നടത്തൽ ബുദ്ധിമുട്ടാണ്. ജനങ്ങൾ ഇവിടെ വലിയ വീടുകൾ വാങ്ങുന്നുണ്ടാകും.

◑ മേയർ:ഹുദൂർ പറയുന്ന കാര്യങ്ങൾ തികച്ചും ശരിയാണ്.ഇതു തന്നെയാണ് എന്റേയും ചിന്ത. ഞാൻ ഇതനുസരിച്ച് പ്രവർത്തിക്കുന്നു.

ഹുദൂർ: അല്ലാഹു വിജയം നല്കുമാറാകട്ടെ.

ഹുദൂറുമൊത്തുള്ള മേയറുടെ ഈ കൂടിക്കാഴ്ച 08.45 വരെ നീണ്ടു നിന്നു. ഒടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അദ്ദേഹത്തിന് ഭാഗ്യം ശേഷം ഹുദൂർ മസ്ജിദ് മുബാറക്കിൽ മഗ്രിബ് ഇശാഅ് നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താഴെ പറയുന്ന മൂന്നുനിക്കാഹുകൾ വിളംബരം ചെയ്തു.

## നിക്കാഹ് വിളംബരം

ഹുദൂർ അയ്യദഹുല്ലാഹ് സുന്നത്താക്കപ്പെട്ട നിക്കാഹ് ഖുത്ബയ്ക്കുശേഷം പറഞ്ഞു: ഞാൻ കുറച്ച് നിക്കാഹ് വിളംബരം നടത്തുന്നതാണ്.

അഹ്മദ് അസ്ലം സാഹിബ്(ബെൽജിയം)ന്റെ മകൾ അസീസ സഹ്റ കൻവലിന്റെ നിക്കാഹ് നദീം അബ്ബാസ് ബാജ്വാ(ബെൽജിയം)സാഹിബിന്റെ മകൻ അസീസം ഖാസിം അബ്ബാസുമായും

നസ്വീർ അഹ്മദ് സാഹിബിന്റെ(ജർമനി) മകൾ അസീസ ദാനിയ നസ്വീറിന്റെ നിക്കാഹ് ദുൽഫിഖാർ അലി സാഹിബിന്റെ(ഫ്രാൻസ്)മകൻ അസീസം ഇഹ്തിശാം അഹ്മദുമായും

ഖാലിദ് മസ്ഊദ് സാഹിബ്(ജർമനി)ന്റെ മകൾ അസീസ ശഹ്രീൻ ഖാലിദിന്റെ നിക്കാഹ് അനസ് അഹ്മദ് സാഹിബിന്റെ(ഫ്രാൻസ്)മകൻ അസീസം അനിൽ അഹ്മദ് അനസുമായും വിളംബരം ചെയ്തു.

നിക്കാഹുകളുടെ വിളംബരത്തിനുശേഷം ഹുദൂർ പറഞ്ഞു: അല്ലാഹു ഈ ബന്ധങ്ങൾ എല്ലാ വിധത്തിലും അനുഗ്യഹീതമാക്കാൻ ദുആ ചെയ്യുക. ഹുദൂർ ദുആ ചെയ്യിച്ചു.

**2019 ഔക്ടോബർ 08, ചൊവ്വാഴ്ച**

06.45ന് രാവിലെ ഹുദൂർ അൻവർ മസ്ജിദ് മുബാറക്കിലെത്തി ഫജ്ർ നമസ്കാരത്തിന് നേത്യത്വം നല്കി.

## കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച

രാവിലെ 11.45-ന് ഹുദൂർ മസ്ജിദ് മുബാറക്കിൽ കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചയ്ക്ക് തുടക്കം കുറിച്ചു. അറേബ്യൻ ദേശത്തുനിന്നു വന്ന 3 കുടുംബങ്ങളിൽനിന്നുളള 26 അംഗങ്ങളാണ് ഹുദൂറുമായി ആദ്യം കൂടിക്കാഴ്ച നടത്തിയത്.

അബ്ദുൽഗനി ബെലാർബി(Belarbi) സാഹിബിന്റെ നേത്യത്വത്തിലുള്ള കുടുംബമായിരുന്നു ഇതിലെ ഏറ്റവും വലുത്. അവർ അൾജീരിയയിൽനിന്നു വന്നതാണ്. അഹ്മദിയായ കാരണത്താൽ അൾജീരിയായിൽ ഇദ്ദേഹത്തിനെതിരിൽ കേസുകളുണ്ടായി. ശിക്ഷിക്കപ്പെടുകയും ചെയ്തു. അദ്ദേഹം വളരെ ധൈര്യത്തോടെ ഈ കേസുകളെ നേരിട്ടു. അദ്ദേഹം പറയുന്നു: പിതാവ് ഒരു സ്വപ്നം കണ്ടിരുന്നു. അദ്ദേഹം തന്റെ ഗ്രാമത്തിൽ തനിച്ചാണ്. അനഹ്മദി കുടുംബാംഗങ്ങളെ ഉപേക്ഷിച്ചു പോരുന്നു. ഹുദൂർ അൻവർ സ്വപ്നത്തിൽ വന്ന് പറയുന്നു:ചിന്താകുലനാകേണ്ട. അല്ലാഹു ഈ അവസ്ഥകൾ പെട്ടെന്ന് നീക്കുകന്നതാണ്.

അബ്ദുൽഗനി സാഹിബിന്റെ മാതാവും ഈ കൂടിക്കാഴ്ചയിൽ ഒപ്പംമുണ്ടായിരുന്നു. അവർ പറയുന്നു: എന്റെ ആൺപെൺ മക്കളുടെമേൽ അഹ്മദിയ്യത്ത് കാരണത്താൽ അൾജീരിയായിൽ പോലീസ് കേസുണ്ടായിരുന്നു. അവർക്ക് നാല് വരഷത്തെ ജയിൽ ശിക്ഷയാണ് നല്കിയത്. എന്താണോ അവർക്ക് വിധിച്ചിട്ടുള്ളത് അതുണ്ടാകുമെന്നാണ് ഞാൻ പറയാനാഗ്രഹിക്കുന്നത്. അല്ലാഹു അവരെ ജമാഅത്തിനോടും ഖിലാഫത്തിനോടും കൂറുള്ളവരാക്കുമാറാകട്ടെ എന്നു മാത്രമാണ് എനിക്ക് ഹുദൂറിനോടു ദുആക്ക് അപേക്ഷിക്കാനുള്ളത്. എന്നെന്നും ഇവർ ഖിലാഫത്തുമായി ഒട്ടിപ്പിടിച്ചു നില്ക്കുമാറാകട്ടെ.

ഹുദൂർ അൻവർ: നിങ്ങൾ വിഷമിക്കേണ്ട. നിങ്ങളുടെ മക്കൾ ജമാഅത്തിനോടു കൂറുള്ളവരാണെന്ന് എനിക്കറിയാം.

ഇതു കേട്ടപ്പോൾ കുട്ടികളുടെ മാതാവ് വളരെയധികം സന്തോഷവതിയും സംത്യപ്തയായും കാണപ്പെട്ടു.

(തുടരും)

☆.....☆.....☆.....☆.....☆

പേജ് 5 ൽ നിന്ന്

അമീറാവും, അദ്ദേഹത്തിനുശേഷം ജരീർ ബിൻ അബ്ദുല്ലാഹ് ബജല്ലീ, അദ്ദേഹത്തിന് ശേഷം ഹദ്റത്ത് മുഗീറ ബിൻ ശുഅ്ബ അദ്ദേഹവും ശഹീദാ കുകയാണെങ്കിൽ അശ്അഥ് ബിൻ ഖയ്സ് അമീറാകും. അംറ് ബിൻ മഅ്ദി യക്രിബ്, ത്വുലയ്ഹാ ബിൻ ഖുവയ്‌ലിദ് അസദ് എന്നിവരെ കുറിച്ച് ഹദ്റത്ത് ഉമർ (റ), നുഅ്മാന് ഇപ്രകാരം എഴുതിയിരുന്നു: അംറ് ബിൻ മഅ്ദി യക്രിബും ത്വുലയ്ഹാ ബിൻ ഖുവയ്‌ലിദ് അസദും താങ്കളുടെ കൂടെതന്നെയുണ്ട്. ഈ രണ്ടുപേരും അറേബ്യയിലെ അശ്വഭടന്മാരാണ്. ഇവരോട് യുദ്ധസംബന്ധമായ കാര്യങ്ങളിൽ അഭിപ്രായം തേടിക്കൊണ്ടിരിക്കുക. എന്നാൽ ഇവരെ ഒരു ജോലിയിലും ഓഫീസർമാർ ആക്കരുത്. *(അഖ്ബാറുത്ത്വിവാൽ, വഖഅത്തുനിഹാവൻദ്, പേജ് 194, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

എന്തായിരുന്നാലും ഇസ്‌ലാമിക സൈന്യം പുറപ്പെട്ടു. ശത്രുക്കൾ തമ്പടിച്ചിരുന്ന സ്ഥലമായ നിഹാവൻദിലേക്കുള്ള വഴി സുരക്ഷിതമാണെന്ന് ഹദ്റത്ത് നുഅ്മാൻ രഹസ്യ സന്ദേശങ്ങൾ വഴി മനസ്സിലാക്കിയിരുന്നു. *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 525, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ഇവരിൽനിന്ന് ശത്രുസൈന്യം കൂടുതലായി സംഘടിക്കുന്നുണ്ടെന്ന വിവരം മുമ്പേതന്നെ ലഭിച്ചിരുന്നു. ചരിത്രകാരന്മാർ ഈ സൈന്യത്തിന്റെ അംഗസംഖ്യ 60 ആയിരമെന്നും ഒരു ലക്ഷമെന്നും എഴുതിയിട്ടുണ്ട്. *(ഫുതൂഹുൽ ബുൽദാൻ, പേജ് 183, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

എന്നാൽ, ബുഖാരിയിലെ നിവേദനമനുസരിച്ച് ഈ സൈന്യത്തിലെ അംഗങ്ങളുടെ എണ്ണം നാല്പതിനായിരമാണ്. *(സ്വഹീഹ് ബുഖാരി, കിതാബുൽ ജിസിയ്യ, ഹദീഥ് നമ്പർ 3159)*

അതായത് അറുപതിനായിരം, ഒരു ലക്ഷമെന്നുള്ള കണക്കെല്ലാം അതിശയോക്തിപരമാണെന്ന്! ബുഖാരിയുടെ അഭിപ്രായത്തിൽ ശത്രുസൈന്യം നാൽപതിനായിരമാണ്. ഏതെങ്കിലും ഒരാളെ(സന്ധി) സംഭാഷണത്തിന് അയക്കാൻ ശത്രുക്കൾ ആഗ്രഹിച്ചു. ഹദ്റത്ത് മുഗീറ ബിൻ ശുഅ്ബ സംഭാഷണത്തിന് പോയി. ഇറാനികൾ വളരെ ഉന്നത നിലവാരത്തിൽ വേദി തയ്യാറാക്കി. ഇറാന്റെ സൈന്യാധിപൻ കിരീടം അണിഞ്ഞ് സുവർണ്ണ സിംഹാസനത്തിൽ ആസനസ്ഥനായിരുന്നു. ദർബാറികളുടെ കൈയിൽ ഉണ്ടായിരുന്ന ആയുധങ്ങളാൽ കണ്ണുകൾ മഞ്ഞളിച്ച് പോകുന്നുണ്ടായിരുന്നു. പരിഭാഷകൻ സന്നിഹിതനായിരുന്നു. ഇറാനി സൈന്യാധിപൻ പഴയകഥ ആവർത്തിച്ചു. അറബികളുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളും താഴെകിടയിലുള്ളതാണെന്നും തന്റെ ചുറ്റുമുള്ള തന്റെ സൈന്യത്തോട് നിങ്ങളെ വധിക്കാൻ താൻ കല്പിക്കാത്തതിന്റെ കാരണം നിങ്ങളുടെ അശുദ്ധമായ ശരീരങ്ങൾ കൊണ്ട് അവരുടെ അമ്പുകൾ അശുദ്ധമാകരുതെന്നോർത്താണെന്നും അയാൾ പറഞ്ഞു. നഊദുബില്ലാഹ്. നിങ്ങൾ ഇപ്പോൾ തിരിച്ചുപോയാൽ ഞങ്ങൾ നിങ്ങളെ വെറുതെ വിട്ടയക്കാം. അല്ലെങ്കിൽ യുദ്ധ മൈതാനത്ത് നിങ്ങളുടെ ശവശരീരങ്ങൾ കാണപ്പെടും.' ശത്രുവിന്റെ ഈ പൊച്ചംനിറഞ്ഞ ഭീഷണികൊണ്ട് എന്തു നടക്കാനാണ്. ഹദ്റത്ത് മുഗീറ ഇപ്രകാരം പറഞ്ഞു: 'നബി(സ) തിരുമേനിയുടെ നിയോഗത്തിന് മുമ്പേയുണ്ടായിരുന്ന കാലമെല്ലാം കഴിഞ്ഞു പോയിരിക്കുന്നു. നബി(സ) തിരുമേനിയുടെ ആഗമനം പലതിന്റെയും ഘടനതന്നെ മാറ്റി മറിച്ചിരിക്കുന്നു.' *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 520, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

സന്ധിസംഭാഷണം പരാജയപ്പെട്ടു. അങ്ങനെ ആ രണ്ടു സൈന്യവും ഏറ്റുമുട്ടാൻ തയ്യാറായി. ഇസ്‌ലാമിക സൈന്യത്തിന്റെ മുൻപിൽ നുഅയിം ബിൻ മുഖർരിൻ നിയമിക്കപ്പെട്ടിരുന്നു. രണ്ടു ഭാഗത്തുമുള്ള നിയന്ത്രണം ഹുദയ്ഫ ബിൻ യമാനിന്റേയും സുവയ്ദ് ബിൻ മുഖർരിനിന്റേയും കൈയിലായിരുന്നു. മുജർറദായുടെ ഓഫീസർ ഖഅ്ഖാഅ് ബിൻ അംറായിരുന്നു. മുൻഭാഗത്തുള്ള കുതിരസവാരിക്കാരുടെ തലവനായിരുന്നു മുജർറദ. സൈന്യത്തിന്റെ പിൻഭാഗം മുജാശിയുടെ നിയന്ത്രണത്തിലായിരുന്നു. *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 525, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ആക്രമണങ്ങൾ തുടങ്ങി. യുദ്ധമൈതാനത്ത് മുസ്‌ലിമീങ്ങളുടെ അവസ്ഥ വളരെ മോശമായിരുന്നു. കാരണം ശത്രുക്കൾ കിടങ്ങുകൾ, കോട്ടകൾ, കെട്ടിടങ്ങൾ തുടങ്ങിയവകൊണ്ടു സുരക്ഷിതരായിരുന്നു. മുസ്‌ലിമീങ്ങളാണെങ്കിൽ തുറന്ന മൈതാനത്തായിരുന്നു. ശത്രുക്കൾ അവർക്ക് അനുയോജ്യമായ സാഹചര്യമാണെന്ന് കാണുമ്പോൾ പെട്ടെന്ന് പുറത്തുവന്ന് ആക്രമിക്കുകയും വീണ്ടും തങ്ങളുടെ സുരക്ഷിത സ്ഥലങ്ങളിലേക്ക് തിരിച്ച് പോവുകയും ചെയ്യുമായിരുന്നു. *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 526, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)* ശത്രുക്കളുടെ ആയുധ ശേഖരണത്തെ കുറിച്ച് ഒരു നിവേദകൻ പറയുന്നു: 'അവർ ഒരു സ്ഥലത്തുകൂടി പോകുന്നത് ഞാൻ കണ്ടപ്പോൾ ഒരു ഇരുമ്പിന്റെ മല നടന്നുപോവുകയാണെന്ന് എനിക്കു തോന്നി.' *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 520, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ഈ അവസ്ഥകൾ കണ്ട് ഇസ്‌ലാമിക സൈന്യത്തിന്റെ സർവ്വ സൈന്യാധിപൻ നുഅ്മാൻ ബിൻ മുഖർരിൻ അഭിപ്രായമാരായാൻ ഒരു യോഗം വിളിച്ചുകൂട്ടി. ഈ യോഗത്തിൽ സൈന്യത്തിലെ പരിചയസമ്പന്നരായവരും ആസൂത്രണമികവുള്ളവരുമായ വ്യക്തികളെ വിളിച്ചു വരുത്തി അവരോടായി അദ്ദേഹം ഇപ്രകാരം പറഞ്ഞു: 'ശത്രു തങ്ങളുടെ കോട്ടകളും കിടങ്ങുകളും കെട്ടിടങ്ങളുംകൊണ്ട് സുരക്ഷിതരാണെന്ന് നിങ്ങൾ കാണുന്നുണ്ടല്ലോ. അവർക്ക് ഇഷ്ടമുള്ള സമയത്ത് അവർ പുറത്ത് വരുന്നു. അവർ സ്വന്തം ഇഷ്ടപ്രകാരം പുറത്തു വരുന്നതുവരെ മുസ്‌ലിമീങ്ങൾക്ക് അവരുമായി യുദ്ധം ചെയ്യാൻ സാധ്യമല്ല.' *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 526, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

'ശത്രുക്കൾക്കു സഹായമായി പോഷക സൈന്യങ്ങളും നിരന്തരം ലഭിച്ചു കൊണ്ടിരിക്കുകയാണ്.' *(അഖ്ബാറുത്ത്വിവാൽ, വഖഅത്തുനിഹാവൻദ്, പേജ് 194, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

അദ്ദേഹം തുടർന്നു പറഞ്ഞു: 'മുസ്‌ലിമീങ്ങൾ ഈ അവസ്ഥയിൽ ബുദ്ധിമുട്ടിൽ അകപ്പെട്ടിരിക്കുകയാണ്. അധികം സമയം വൈകിക്കാതെ ശത്രു തുറന്ന മൈതാനത്ത് വന്ന് യുദ്ധം ചെയ്യാൻ നിർബന്ധിതനാവാൻ എന്ത് തന്ത്രമാണ് നമ്മൾ പ്രയോഗിക്കേണ്ടതെന്ന് പറയുക.' സർവ്വസൈന്യാധിപന്റെ ഈ വാക്കുകൾകേട്ട് ആ സദസ്സിലെ ഏറ്റവും പ്രായം കൂടിയ വ്യക്തി അംറ് ബിൻ ഥുബയ്യ് പറഞ്ഞു: 'അവർ കോട്ടകളിൽ സുരക്ഷിതരാണ്. അദ്ദേഹം പറഞ്ഞു, ശത്രു കോട്ടകൾക്കുള്ളിൽ സുരക്ഷിതരാണെങ്കിലും അവർ ഉപരോധിക്കപ്പെട്ട അവസ്ഥയിലാണുള്ളത്. ഉപരോധം നീണ്ടു പോവുകയും ചെയ്യുന്നു. ഈ കാര്യം ഇസ്‌ലാമിക സൈന്യത്തെ അപേക്ഷിച്ച് ശത്രു സൈന്യത്തിന് ക്ലേശകരവും പ്രയാസമേറിയതുമാണ്. അതുകൊണ്ട് താങ്കൾ ഇത് ഇങ്ങനെ തന്നെ തുടരാൻ അനുവദിക്കുക. ഉപരോധം നീണ്ടു പോകട്ടെ. അവരിൽനിന്ന് ആക്രമിക്കാൻ പുറത്തു വരുന്നവരോട് പോരാട്ടം തുടരുകയും വേണം.' എന്നാൽ, അംറ് ബിൻ ഥുബയ്യുടെ ഈ നിർദേശത്തെ ആ സദസ്സ് അംഗീകരിച്ചില്ല. അതിനുശേഷം അംറ് ബിൻ മഅ്ദി യക്രിബ് പറഞ്ഞു: 'ഭയപ്പെടേണ്ട കാര്യമൊന്നുമില്ല. പൂർണ്ണ ശക്തിയോടെ മുന്നോട്ടാഞ്ഞ് ശത്രുക്കളുടെമേൽ ആക്രമണം അഴിച്ചു വിടുക.' എന്നാൽ, ഈ അഭിപ്രായവും സ്വീകരിക്കപ്പെട്ടില്ല. പരിചയസമ്പന്നർ ഇപ്രകാരം അഭിപ്രായപ്പെട്ടു: 'മുന്നോട്ട് നീങ്ങി യുദ്ധം ചെയ്യുന്നതിൽ നമുക്ക് മനുഷ്യരോടല്ല യുദ്ധം ചെയ്യേണ്ടി വരുക മറിച്ച് ചുമരുകളോടായിരിക്കും! ചുമരുകൾ നമുക്കെതിരെ ശത്രുക്കളെയാണ് സഹായിക്കുക. അതായത് അവർ കോട്ടകൾക്കുള്ളിലാണ്. ശത്രു മുന്നിലില്ല. അപ്പോൾ ത്വലയ്ഹ എഴുന്നേറ്റു നിന്നു പറഞ്ഞു:

## ഹദീഥുന്നബ്‌വി(സ):

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

*(മൽഫൂദാത്ത് വാള്യം 1, പേജ് 220)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## ഹദീഥുന്നബ്‌വി(സ):

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

*(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

'എന്നെ സംബന്ധിച്ചിടത്തോളം ഈ രണ്ടു വ്യക്തികളുടെയും അഭിപ്രായങ്ങൾ ശരിയല്ല. എന്റെ അഭിപ്രായം എന്താണെന്നാൽ ഒരു ചെറിയ സൈനിക സംഘത്തെ ശത്രുവിന്റെ അടുത്തേക്ക് അയക്കുക. അവർ അടുത്തുചെന്ന് അമ്പെയ്ത് യുദ്ധം ആളിക്കത്തിക്കാൻ ശ്രമിക്കേണ്ടതാണ്. ഈ സംഘത്തെ നേരിടാൻ വേണ്ടി ശത്രുക്കൾ പുറത്തുവരുകയും നമ്മുടെ സംഘത്തെ നേരിടുകയും ചെയ്യും. ഈ സമയത്ത് നമ്മുടെ സംഘം പിന്നോട്ട് വന്നുകൊണ്ടിരിക്കുക. അപ്പോൾ ശത്രുക്കൾ കരുതും നമ്മൾ തോറ്റോടുകയാണെന്ന്! ഇത് കണ്ട് ശത്രുക്കൾ വിജയ പ്രതീക്ഷയിൽ പുറത്തുവന്ന് മൈതാനത്ത് എത്തുമ്പോൾ അവരെ നമുക്ക് നല്ല രീതിയിൽ നേരിടാൻ സാധിക്കും. *(താരീഖു അത്ത്വബ്രി, വാള്യം 2, പേജ് 526, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ഈ അഭിപ്രായം ഹദ്റത്ത് നുഅ്മാൻ അംഗീകരിക്കുകയും ഈ നിർദേശത്തെ പ്രാവർത്തികമാക്കാൻ ഹദ്റത്ത് ഖഅ്ഖാഅ്നെ ഏല്പിക്കുകയും ചെയ്തു. അദ്ദേഹം ത്വുലയ്ഹായുടെ ഈ നിർദേശത്തിനനുസരിച്ച് പ്രവർത്തിച്ചു. ത്വുലയ്ഹ ചിന്തിച്ചതുപോലെ തന്നെ നടക്കുകയും ചെയ്തു. ഖഅ്ഖാഅ് പതുക്കെപ്പതുക്കെ തോറ്റു പിന്മാറുന്നതുപോലെ പിന്നോട്ട് വന്നുകൊണ്ടിരുന്നു. ശത്രുക്കൾ വിജയ ലഹരിയിൽ മുന്നോട്ട് വന്നു കൊണ്ടിരിന്നു ഏതുവരെയെന്നാൽ എല്ലാവരും കോട്ടകളിൽനിന്ന് പുറത്തുവന്നു. കവാടങ്ങളിൽ കാവൽ നിൽക്കുന്ന കാവൽഭടന്മാർ മാത്രം തങ്ങളുടെ ഇടങ്ങളിൽ സുരക്ഷിതരായി നിലകൊണ്ടു. ശത്രു സൈന്യം തങ്ങളുടെ സുരക്ഷിത ഇടങ്ങളിൽനിന്ന് പുറത്തേക്ക് വന്ന് എത്രത്തോളം മുസ്ലിം സൈന്യത്തിന്റെ അടുത്തെത്തിയെന്നാൽ അവരിൽ ചിലരുടെ അമ്പേറ്റ് ചില മുസ്ലിമീങ്ങൾക്ക് പരിക്കേറ്റു. എന്നാൽ, ഹദ്റത്ത് നുഅ്മാൻ തിരിച്ച് ആക്രമിക്കാൻ അനുവാദം നൽകിയിരുന്നില്ല. ഹദ്റത്ത് നുഅ്മാൻ പ്രവാചക പ്രേമിയായിരുന്നു. നബി(സ)തിരുമേനിയുടെ രീതി എന്തെന്നാൽ, രാവിലെ യുദ്ധം തുടങ്ങിയില്ലെങ്കിൽ പിന്നെ വൈകുന്നേരത്തിന് മുമ്പേ ചൂടു കുറയുകയും തണുത്ത കാറ്റ് വീശാൻ തുടങ്ങുകയും ചെയ്യുന്ന സമയത്താണ് യുദ്ധം തുടങ്ങിയിരുന്നത്. ചില മുസ്ലിമീങ്ങൾ യുദ്ധം തുടങ്ങാത്തതിനാൽ അസ്വസ്ഥരായിരുന്നു. ശത്രുക്കളുടെ അമ്പെയ്ത്തിൽ ചില മുസ്ലിമീങ്ങൾക്ക് പരിക്കേറ്റതോടെ പോരാട്ടത്തിനുള്ള ആവേശം കൂടുകയും ചെയ്തു. അവർ തങ്ങളുടെ സർവ്വ സൈന്യാധിപന്റെ അടുത്തു ചെന്ന് യുദ്ധം ചെയ്യാനുള്ള അനുവാദം ചോദിച്ചു കൊണ്ടിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: കുറച്ചുകൂടി കാത്തിരിക്കൂ! അതായത് കുറച്ചുകൂടി കാത്തിരിക്കാൻ അവരോട് കമാണ്ടർ പറഞ്ഞു. ഹദ്റത്ത് മുഗീറ ബിൻ ശുഅ്ബ അനിയന്ത്രിതനായി പറഞ്ഞു: 'ഞാനായിരുന്നെങ്കിൽ യുദ്ധം ചെയ്യാനുള്ള അനുവാദം നൽകിയേനെ.' ഹദ്റത്ത് നുഅ്മാൻ പറഞ്ഞു: 'കുറച്ചു നേരം ക്ഷമിക്കൂ. തീർച്ചയായും താങ്കൾ അമീറായിരുന്നപ്പോൾ ഭംഗിയായി കാര്യങ്ങൾ സംവിധാനിച്ചിരുന്നു. ഇന്നും അല്ലാഹു എന്നെയും നിങ്ങളെയും അപമാനിതരാക്കുകയില്ല. താങ്കൾ തിടുക്കം കൂട്ടി നേടാൻ ആഗ്രഹിക്കുന്നത് നമുക്ക് ക്ഷമയോടെ നേടാമെന്നാണ് പ്രതീക്ഷിക്കുന്നത്.'

ഉച്ച തിരിയാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് നുഅ്മാൻ കുതിരപ്പുറത്തു കയറി മുഴു സൈന്യത്തേയും ചുറ്റിക്കണ്ടു. പതാക നാട്ടിയ സ്ഥലങ്ങളിലെല്ലാംനിന്ന് ആവേശഭരിതമായ പ്രസംഗം ചെയ്തു. *(താരീഖു അത്ത്വബ്രി, വാള്യം 2, പേജ് 526-527, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

വളരെ വേദനാജനകമായ വാക്കുകളിൽ തന്റെ ശഹാദത്തിന് ദുആ ചെയ്തു. അത് കേട്ടതും ജനങ്ങൾ കരയുവാൻ തുടങ്ങി. അദ്ദേഹം തുടർന്ന് പറഞ്ഞു: 'ഞാൻ മൂന്നുതവണ തക്ബീർ മുഴക്കുകയും അതിനോടൊപ്പം പതാക ഇളക്കുകയും ചെയ്യും. ആദ്യ തവണ എല്ലാവരും തയ്യാറാവുക രണ്ടാം തവണ എല്ലാവരും തങ്ങളുടെ ആയുധം തയ്യാറാക്കുക, അതായത് ശത്രുവിനുമേൽ ആക്രമണം അഴിച്ചു വിടാൻ പൂർണമായും തയ്യാറാവുക. മൂന്നാം തവണ തക്ബീർ പറയുകയും പതാക ഉയർത്തുകയും ചെയ്യുന്നതോടെ ഞാൻ ശത്രു സൈന്യത്തിനുമേൽ ചാടി വീഴുന്നതായിരിക്കും. നിങ്ങളിൽ ഓരോരുത്തരും തങ്ങളുടെ മുന്നിലുള്ള ശത്രു സൈന്യത്തിനുമേൽ ആക്രമണം അഴിച്ചു വിടുക.' അതിനുശേഷം അദ്ദേഹം ഇപ്രകാരം ദുആ ചെയ്തു: 'അല്ലാഹുവേ! നിന്റെ ദീനിനു നീ ഇന്ന് പ്രൗഢി നൽകേണമേ. നിന്റെ ദാസന്മാരെ നീ സഹായിക്കേണമേ. ഇതിനു പകരമായി നീ ഇന്ന് നുഅ്മാന് ആദ്യമായി ശഹീദ് ആകുവാനുള്ള തൗഫീഖ് നൽകേണമേ. അതായത് കമാണ്ടർ ഇപ്രകാരം ദുആ ചെയ്തു. ഹദ്റത്ത് നുഅ്മാൻ മൂന്നാം തവണ തക്ബീർ മുഴക്കിയതും മുസ്ലിമീങ്ങൾ ശത്രു സൈന്യത്തിനുമേൽ കടന്നാക്രമണം നടത്തി. നിവേദകൻ പറയുന്നു, ഓരോ വ്യക്തിയും ഒന്നുകിൽ മരിക്കുക അല്ലെങ്കിൽ വിജയിക്കാതെ തിരിച്ചുവരില്ല എന്ന ചിന്തയോടെയായിരുന്നു പോരാടിയിരുന്നത്. നുഅ്മാൻ പതാകയേന്തി ശത്രുക്കളുടെ മേൽ ചാടി വീഴുന്നത് കണ്ടപ്പോൾ പരുന്ത് ഇരയെ റാഞ്ചുന്നതുപോലെ തോന്നി. ചുരുക്കത്തിൽ മുസ്ലിമീങ്ങൾ എല്ലാവരും ഒരുപോലെ ആക്രമണം നടത്തി. എന്നാൽ, ശത്രുസൈന്യവും അതിനു മുന്നിൽ ഉറച്ചുനിന്നു. ലോഹങ്ങൾ കൂട്ടി മുട്ടുമ്പോൾ ഭയങ്കര ശബ്ദമുണ്ടായി. നിലത്ത് രക്തം ഒഴുകുന്നതുകൊണ്ട് മുസ്ലിം അശ്വഭടന്മാരുടെ കുതിരകൾ വഴുക്കാൻ തുടങ്ങി. ഹദ്റത്ത് നുഅ്മാനും യുദ്ധത്തിൽ പരിക്കേറ്റു. അദ്ദേഹത്തിന്റെ കുതിര വഴുക്കി അദ്ദേഹവും നിലത്തുവീണു. വെള്ള വസ്ത്രവും തലപ്പാവുംകൊണ്ടു അദ്ദേഹം ക്ഷണത്തിൽ തിരിച്ചറിയപ്പെടുമായിരുന്നു. അദ്ദേഹത്തിന്റെ സഹോദരൻ നുഅയിം ബിൻ മുഖർരിൻ അദ്ദേഹം വീഴുന്നത് കണ്ടപ്പോൾ ബുദ്ധിപൂർവകമായ നിലയിൽ പതാക വീഴാതെ പിടിക്കുകയും എന്നിട്ട് അദ്ദേഹത്തെ തുണി കൊണ്ട് പൊതിയുകയും ചെയ്തതിനുശേഷം നുഅ്മാന്റെ പ്രതിനിധിയായ ഹുദയ്ഫ ബിൻ യമാന്റെ അടുക്കൽ വരികയും ചെയ്തു. ഹദ്റത്ത് ഹുദയ്ഫ നുഅയിം ബിൻ മുഖർരിനെയും കൂട്ടി നുഅ്മാനെ കിടത്തിയിരുന്ന സ്ഥലത്തെത്തുകയും അവിടെ പതാക ഉയർത്തിപ്പിടിക്കുകയും ചെയ്തു. ഹദ്റത്ത് മുഗീറയുടെ അഭിപ്രായം അനുസരിച്ച് യുദ്ധത്തിന്റെ ജയപരാജയങ്ങൾ തീരുമാനം ആകുന്നതുവരെ ഹദ്റത്ത് നുഅ്മാന്റെ വഫാത്തിന്റെ വിവരം മറച്ചു വെച്ചു. *(താരീഖു അത്ത്വബ്രി, വാള്യം 2, പേജ് 521. 527, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

അഖ്ബാറുത്ത്വവാലിൽ ഇപ്രകാരം രേഖപ്പെട്ടു കിടക്കുന്നു: ഹദ്റത്ത് നുഅ്മാൻ ബിൻ മുഖർരിൻ മുറിവേറ്റു കിടക്കുമ്പോൾ അദ്ദേഹത്തിന്റെ സഹോദരൻ അദ്ദേഹത്തെ തമ്പിലേക്ക് എടുത്തുകൊണ്ടുപോയി. എന്നിട് അദ്ദേഹത്തിന്റെ വസ്ത്രം ധരിക്കുകയും അദ്ദേഹത്തിന്റെ വാൾ കൈയിലേന്തി അദ്ദേഹത്തിന്റെ കുതിരപ്പുറത്തുകയറി യുദ്ധം തുടരുകയും ചെയ്തു. ഇത് ഹദ്റത്ത് നുമാൻ തന്നെയാണെന്ന് പലരും കരുതി. *(അഖ്ബാറുത്ത്വവാൽ, വഖഅത്തുനിഹാവൻദ്, പേജ് 195, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

ചരിത്രകാരനായ ത്വബരി വളരെ സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട അവസ്ഥയിൽ അമീറിന്റെ അനുസരണത്തിന്റെ ശ്രേഷ്ഠമായ ഒരു ഉദാഹരണം എഴുതുന്നു: 'എത്രത്തോളം സൂക്ഷ്മായ അവസ്ഥ യായിരുന്നുവെന്നാൽ അത് അമീറിന്റെ അനുസരണത്തിന് വളരെ നല്ല ഒരു ഉദാഹരണമാണ്. ഹദ്റത്ത് നുഅ്മാൻ താൻ യുദ്ധത്തിൽ വധിക്കപ്പെട്ടാലും ആരും അദ്ദേഹത്തെ ശ്രദ്ധിക്കാതെ യുദ്ധം തുടരണമെന്ന് അറിയിച്ചിരുന്നു.' മഅ്ഖിൽ പറയുന്നു: നുഅ്മാൻ വീണപ്പോൾ ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ വന്നു. അപ്പോൾ എനിക്ക് അദ്ദേഹത്തിന്റെ ഈ കല്പന ഓർമ വരുകയും ഞാൻ തിരിച്ച് പോവുകയും യുദ്ധം തുടരുകയും ചെയ്തു.*(താരീഖു അത്ത്വബ്രി, വാള്യം 2, പേജ് 533, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

എന്തായാലും ദിവസം മുഴുവനും യുദ്ധം കൊടുമ്പിരിക്കൊണ്ടിരുന്നു. എന്നാൽ, രാത്രി ആയതോടെ ശത്രുക്കളുടെ കാലിടറാൻ തുടങ്ങുകയും യുദ്ധമൈതാനം മുസ്ലിമീങ്ങളുടെ നിയന്ത്രണത്തിലാവുകയും ചെയ്തു. ഇറാനികളുടെ വലിയ വലിയ നേതാക്കന്മാർ വധിക്കപ്പെട്ടു. *(താരീഖു അത്ത്വബ്രി, വാള്യം 2, പേജ് 527-528, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

മഅഖിൽ പറയുന്നു: വിജയത്തിനുശേഷം ഹദ്റത്ത് നുഅ്മാന്റെ അടുക്കൽ വന്നു. അദ്ദേഹത്തിൽ ചെറിയ ചലനമുണ്ടായിരുന്നു. കുറച്ചു കുറച്ചു ശ്വാസം എടുക്കുന്നുണ്ടായിരുന്നു. ഞാൻ വെള്ളംകൊണ്ട് അദ്ദേഹത്തിൻന്റെ മുഖം കഴുകി. അദ്ദേഹം എന്റെ പേര് ചോദിക്കുകയും മുസ്ലിമീങ്ങളുടെ അവസ്ഥയെ കുറിച്ച് അന്വേഷിച്ചറിയുകയും ചെയ്തു. ഞാൻ പറഞ്ഞു, താങ്കൾക്ക് അല്ലാഹുവിന്റെ പക്കൽ നിന്നുള്ള വിജയത്തിന്റെയും സഹായത്തിന്റെയും സന്തോഷ വാർത്ത അറിയിക്കുന്നു. അദ്ദേഹം പറഞ്ഞു: 'അൽഹംദു ലില്ലാഹ്. ഉമറിനെ വിവരം അറിയിക്കുക.'*(ഫുതൂഹുൽബുൽദാൻ, പേജ് 183, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ഹദ്റത്ത് ഉമർ(റ)യുദ്ധത്തിന്റെ പരിണിതഫലം അറിയാൻ വെമ്പൽക്കൊണ്ടിരിക്കുകയായിരുന്നു. യുദ്ധം നടക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുരാത്രി ഹദ്റത്ത് ഉമർ(റ), വളരെ അസ്വസ്ഥതയോടെയാണ് കഴിച്ചുകൂട്ടിയത്. *(താരീഖു അത്ത്വബ്രി, വാള്യം 2, പേജ് 528, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ*

*ബെയ്റുത്ത് 2012)*

നിവേദകൻ പറയുന്നു: ഹദ്റത്ത് ഉമർ(റ) പ്രസവവേദനയ്ക്കുസമാനമായുള്ള വേദനയോടുകൂടി ദുആയിൽ മുഴുകിയിരിക്കുമ്പോൾ വിജയത്തിന്റെ വാർത്തയുമായി ദൂതൻ മദീനയിലെത്തി. ഹദ്റത്ത് ഉമർ(റ) അൽഹദുലില്ലാഹ് എന്നുപറഞ്ഞ് നുഅ്മാനെ കുറിച്ചന്വേഷിച്ചു. ദൂതൻ അദ്ദേഹം ശഹീദായെന്നറിയിച്ചപ്പോൾ, ഹദ്റത്ത് ഉമർ(റ) വളരെയധികം വിഷമിച്ചു.' *(താരീഖു അത്ത്വബ്രി, വാള്യം 2, പേജ് 521, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)* തലയിൽ കൈവച്ചുകൊണ്ട് കരഞ്ഞുകൊണ്ടിരുന്നു. *(ഫുതൂഹുൽബുൽദാൻ, പേജ് 184, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)* ദൂതൻ മറ്റു ശഹീദുമാരുടേയും പേരുകൾ എണ്ണിക്കൊണ്ട് പറഞ്ഞു: അമീറുൽ മുഅ്മിനീൻ! അങ്ങയ്ക്ക് പരിചയമില്ലാത്ത വേറെയും മുസ്‌ലിമീങ്ങൾ വഫാത്തായിട്ടുണ്ട്. ഹദ്റത്ത് ഉമർ(റ)കരഞ്ഞുകൊണ്ട് പറഞ്ഞു, 'ഉമറിന് അവരെ പരിചയമില്ലെങ്കിൽ അവർക്കു ഒരുനഷ്ടവും വരാനില്ല, അവരെ അല്ലാഹു അറിയുന്നുണ്ട്. (*താരീഖു അത്ത്വബ്രി, വാള്യം 2, പേജ് 521, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

അവർ മുസ്‌ലിമീങ്ങളിൽ പ്രസിദ്ധരല്ലെങ്കിലും അല്ലാഹു അവർക്കു ശഹാദത്ത് നൽകി പ്രസിദ്ധരാക്കിയിരിക്കുന്നു. അല്ലാഹു അവരെ അറിഞ്ഞിട്ടുണ്ട്. ഉമർ അറിഞ്ഞിട്ടെന്തുകാര്യം! യുദ്ധത്തിനുശേഷം ഹമദാൻവരെ മുസ്‌ലിമീങ്ങൾ ശത്രുക്കളെ പിന്തുടർന്നു. ഇതുകണ്ട് ഹമദാൻ, ദസ്തബീ എന്നീ പട്ടണങ്ങളിൽ നിന്നു മുസ്‌ലിമീങ്ങളെ ആക്രമിക്കില്ലെന്ന വ്യവസ്ഥിതിയിൽ ഇറാനിയൻ നേതാവ് ഖുസ്റോ ശനൂം സന്ധിയിലേർപ്പെട്ടു. ഇസ്‌ലാമിക സൈന്യം നിഹാവൻദ് പട്ടണം പിടിച്ചടക്കി. *(താരീഖു അത്ത്വബ്രി, വാള്യം 2, പേജ് 528, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)* നിഹാവൻദിന്റെ വിജയം അതിന്റെ ഫലങ്ങളുടെ അടിസ്ഥാനത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു. ഇതിനു ശേഷം ഒരിക്കലും ഇറാനികൾക്ക് ഒരു സ്ഥലത്ത് ഒരുമിച്ചുകൂടി ആക്രമണം നടത്താനുള്ള അവസരം ലഭ്യമായിട്ടില്ല. മുസ്‌ലിമീങ്ങൾ ഈ വിജയത്തെ 'ഫത്ഹുൽ ഫുതൂഹ് 'എന്ന പേരിൽ സ്മരിക്കാൻ തുടങ്ങി. (ഫുതൂഹുൽ ബുൽദാൻ, പേജ് 184, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)

ഇറാനിൽ സൈനിക വിന്യസത്തിനുള്ള തീരുമാനവും വന്നു. എങ്ങനെ വന്നു എന്നതിനെ സംബന്ധിച്ച് എഴുതിയിരിക്കുന്നു: 'ധാർമികപരവും നിയമപരവുമായി രാജ്യത്തിനെതിരെ അക്രമം ചെയ്യുന്ന ശക്തിയെ പൂർണമായും ഇല്ലാതാക്കാൻ മുസ്‌ലിമീങ്ങൾക്ക് അവകാശമുണ്ട്. എന്തെന്നാൽ ശത്രുക്കൾ നിരന്തരമായി ആക്രമിക്കുന്നുണ്ടായിരുന്നു. ഹദ്റത്ത് ഉമർ(റ)ന്റെ വേദനായർന്ന ഹൃദയം ഇനിയും രക്തച്ചൊരിച്ചലുകൾ ഉണ്ടാവരുതെന്നാഗ്രഹിച്ചു. പക്ഷേ, ഹദ്റത്ത് ഉമറിന് ഇക്കാര്യം ഇഷ്ടമായിരുന്നില്ല. റഹ്മത്തുല്ലിൽആലമീന്റെ ഈ സത്യസന്ധനായ സേവകന്റെ ഹൃദയാഭിലാഷമായിരുന്നു ഇറാൻ ഭരണകൂടം അതിർത്തി പ്രദേശത്തുതന്നെ പരാജിതരായി കൂടുതൽ യുദ്ധ നടപടി അവസാനിപ്പിക്കണമെന്നത്. ഹദ്റത്ത് ഉമർ (റ) ഈ ആഗ്രഹം നിരവധിതവണ പ്രകടിപ്പിച്ചുവെന്നു മാത്രമല്ല പ്രത്യുത ഇറാന്റേയും ഇറാഖിന്റേയും സൈന്യങ്ങളെ സ്വയമേവ ഏതോ ആക്രമണംകൊണ്ട് പൂർണമായും തടയുകയും ചെയ്തിരുന്നു. എന്നാൽ, ശത്രുവിന്റെ വീണ്ടുമുള്ള യുദ്ധ നടപടികളും അധിനിവേശ പ്രദേശങ്ങളിൽ ആവർത്തിച്ചാവർത്തിച്ച് അരാചകത്വം സൃഷ്ടിക്കലുംകൊണ്ട് അവിടെ ഈ ആഗ്രഹം പൂർത്തിയായില്ല. മജാദ് യുദ്ധത്തിൽനിന്ന് ലഭിച്ച പാഠംകൊണ്ട്, ഒരു സംഘവുമായി ചർച്ച ചെയ്തപ്പോൾ ഇനിമുതൽ യുദ്ധനടപടി കൂടാതെ രക്ഷയില്ലെന്ന തീരുമാനത്തിൽ അവിടന്ന് എത്തി. ഇത് ഹിജ്റ 17 ലെ കാര്യമാണ്. എന്നിട്ടും ഒരു ദീർഘകാലംവരെ അദ്ദേഹം പട്ടാളത്തിനു മുന്നോട്ടുപോകാൻ അനുവാദം നല്കിയിരുന്നില്ല. എന്നാൽ, ഇപ്പോൾ അവസ്ഥകൾ മുമ്പേ പറഞ്ഞു കഴിഞ്ഞതുപോലെ കൂടുതൽ ക്ഷമിക്കാൻ അനുവാദം നല്കുന്നില്ല. ഹദ്റത്ത് ഉമർ കണ്ടു കഴിഞ്ഞിരുന്നു, യസ്ദജർദ് നിരന്തരം ഓരോ വർഷവും സൈന്യത്തെ അയച്ച് യുദ്ധം ആളിക്കത്തിക്കാൻ കാരണക്കാരനാകുമായിരുന്നു. അവർ തങ്ങളുടെ ഭരണത്തിൽ ഇരിക്കുവോളം ഈ പ്രവർത്തനരീതിയിൽ മാറ്റം വരുത്തുകയില്ലെന്ന് ജനങ്ങൾ ആവർത്തിച്ച് ഹദ്റത്ത് ഉമറിനോടു പറഞ്ഞിരുന്നു. ഇപ്പോൾ നിഹാവൻദിലെ നടപടി ആ അഭിപ്രായത്തെ കൂടുതൽ സാധൂകരിക്കുന്നതായിരുന്നു. ഈ അവസ്ഥകളിൽ നിർബന്ധിതരായി ഹദ്റത്ത് ഉമർ(റ)നിഹാവൻദ് യുദ്ധം ഹിജ്റ 21 നു ശേഷം സൈന്യത്തിനു മുമ്പോട്ടുപോകാൻ അനുവാദം നല്കി. മുഴുവൻ ഇറാനെയും പിടിച്ചെടുക്കുന്നതിന് പ്ലാനുണ്ടാക്കി സൈന്യത്തെ കൂഫയിലേക്ക് അയച്ചു. അവർ ആ യുദ്ധനടപടികൾക്കുവേണ്ടി പട്ടാളത്താവളത്തിന്റെ നില ഉൾക്കൊള്ളുന്നവരായിരുന്നു. ഹദ്റത്ത് ഉമർ ഇറാനിലെ വിവിധ പ്രദേശങ്ങളിലേക്ക് വിവിധ സൈന്യാധിപന്മാരെ നിശ്ചയിച്ചു. മദീനയിൽനിന്ന് അവർക്ക് പതാക ഉണ്ടാക്കി അയപ്പിച്ചു. ഖുറാസാന്റെ പതാക അഹ്നഫ് ബിൻ ഖയ്സിനും ഇസ്തഖർറിന്റെ പതാക ഉഥ്മാൻ ബിൻ അബു ആസ്വിനും അർദശീറിന്റേയും സാബൂറിന്റേയും പതാക മുജാശിഅ് ബിൻ മസ്ഊദിനും ഫസാന്റേയും ദാറാബഹ്ബറിന്റേയും പതാക സാരിയ ബിൻ സുനയ്മിനും സജിസ്താന്റ പതാക ആസ്വിം ബിൻ അംറിനും മക്റാന്റെ പതാക ഹക്കം ബിൻ അംറിനും അയച്ചുകൊടുത്തു. കുർമാന്റെ പതാക സുഹയ്ൽ ബിൻ അദിയ്യിനു നല്കി. ആദർബയ്ജാന്റെ വിജയത്തിനുവേണ്ടി ഉത്ബ ബിൻ ഫർഖദിനും ബുകയ്ർ ബിൻ അബ്ദുല്ലായ്ക്കും പതാക അയച്ചു. അവരോടു കല്പിച്ചത് ഒരാൾ ആദർബയ്ജാന്റെമേൽ വലതുഭാഗത്ത് ഹുൽവാനിൽ നിന്ന് ആക്രമിക്കാനും രണ്ടാമത്തെയാൾ ഇടതു ഭാഗത്ത് മൂസ്വലിന്റെ ഭാഗത്തുനിന്ന് ആക്രമിക്കാനുമായിരുന്നു. ഇസ്ഫഹാന്റെ യുദ്ധ നടപടിയുടെ പതാക അബ്ദുല്ലാഹ് ബിൻ അബ്ദുല്ലായാക്കു നല്കപ്പെട്ടു. *(മഖാല താരീഖെ ഇസ്‌ലാം ബിഅഹദി ഹദ്റത്ത് ഉമർ(റ), സയ്യിദ് മീർ മഹമൂദ് അഹ്മദ് സാഹിബ് നാസിർ പേജ് 164-166)*

ഇസ്ഫഹാന്റെ വിജയത്തെ സംബന്ധിച്ച് എഴുതിയിരിക്കുന്നു: ഇസ്ഫഹാന്റെ യുദ്ധ നടപടിയുടെ ചുമതല അബ്ദുല്ലാഹ് ബിൻ അബ്ദുല്ലായ്ക്കായിരുന്നു. അദ്ദേഹം നിഹാവൻദിലായിരുന്നപ്പോൾ ഇസ്ഫഹാനിലേക്ക് പുറപ്പെടുക എന്നു പറഞ്ഞുള്ള ഹദ്റത്ത് ഉമറിന്റെ കത്ത് ലഭിച്ചു. എല്ലാ ഒന്നാമത്തെ സൈന്യവ്യൂഹങ്ങളുടേയും കമാണ്ടറായി അബ്ദുല്ലാഹ് ബിൻ വർഖാഅ് രിയാഹിയെ ആക്കുക. ഇരുവശങ്ങളിലേയും കമാണ്ടർമാരായി അബ്ദുല്ലാഹ് ബിൻ വർഖാഅ് അസദിനേയും ഇസ്മ ബിൻ അബ്ദുല്ലായേയും നിയമിക്കുക. അബ്ദുല്ലാഹ് പുറപ്പെടുക. നഗരത്തിലെ പ്രാന്ത പ്രദേശങ്ങളിൽ ഇസ്ഫഹാൻകാരുടെ ഒരു സൈന്യവുമായി പോരാട്ടം നടന്നു. അവർ ഇറാനീ സൈന്യാധിപൻ ഉസ്തൻദാറിന്റെ നേതൃത്വത്തിലായിരുന്നു. ശത്രുവിന്റെ എല്ലാ ആദ്യത്തെ സൈന്യവ്യൂഹത്തിന്റെയും ഓഫീസർ അനുഭവപരിചയമുള്ള വൃദ്ധനായ ശഹ്റ ബറാസ് ജാദവയ് ആയിരുന്നു. അയാൾ തന്റെ സൈന്യവ്യൂഹങ്ങളുമായി മുസ് ലിമീങ്ങളെ നേരിട്ടു. ഘോരയുദ്ധം നടന്നു. ജാദവയ് യുദ്ധത്തിനു വിളിച്ചതായിരുന്നു. അബ്ദുല്ലാഹ് ബിൻ വർഖാഅ് അയാളെ വധിച്ചു. ഘോരമായ യുദ്ധത്തിനുശേഷം ശത്രു പരാജയപ്പെട്ട് ഓടിക്കളഞ്ഞു. സൈന്യാധിപൻ ഉസ്തൻദാർ അബ്ദുല്ലാഹ് ബിൻ അബ്ദുല്ലായുമായി സന്ധിചെയ്തു. ഇസ്‌ലാമിക സൈന്യം ഇസ്ഫഹാനിലേക്ക് മുന്നേറി. അത് ഹയ്യ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. അവർ നഗരം ഉപരോധിച്ചു. ഒരു ദിവസം നഗരത്തിന്റെ ഭരണാധികാരി ഫാദൂസ്ഫാൻ പുറത്തുവരികയും ഇസ്‌ലാമിക സൈന്യത്തിന്റെ അമീറായ അബ്ദുല്ലാഹ് ബിൻ അബ്ദുല്ലായോടു പറയുകയും ചെയ്തു: 'നമ്മുടെ പട്ടാളക്കാർ തമ്മിലുള്ള യുദ്ധത്തെക്കാൾ ഉത്തമമാണ് നമ്മൾ തമ്മിൽ പോരാടുന്നത്!ആരാണോ തന്റെ ശത്രുവിന്റെമേൽ വിജയിക്കുന്നത് അവർ വിജയിച്ചതായി മനസ്സിലാക്കപ്പെടുന്നതായിരിക്കും.' ആ നിർദേശം അബ്ദുല്ലാഹ് സമ്മതിച്ചു. എന്നിട്ടു പറഞ്ഞു:ആദ്യം താങ്കളാണോ ആക്രമിക്കുന്നത് അതോ ഞാനോ? ഫാദൂസ്ഫാൻ ആദ്യം ആക്രമിച്ചു.അബ്ദുല്ലാഹ് അയാളുടെ മുമ്പിൽ ഉറച്ചുനിന്നു. ശത്രുവിന്റെ വെട്ടുകൊണ്ട് അദ്ദേഹത്തിന്റെ കുതിരയുടെ ജീനി മുറിഞ്ഞുപോയി. അബ്ദുല്ലാഹ് കുതിരയുടെ നഗ്നമായ പുറത്ത് ഉറച്ചിരുന്നു. വെട്ടുന്നതിനുമുമ്പേ അയോളോടു പറഞ്ഞു:ഇനി പിടിച്ചിരുന്നോളണം! ഫാദൂസ്ഫാൻ പറഞ്ഞു: താങ്കൾ തികവുറ്റവനും ബുദ്ധിമാനും ധൈര്യവാനുമാണ്. ഞാൻ അങ്ങയോടു രഞ്ജിപ്പു ചെയ്യാനും നഗരം അങ്ങയെ ചുമതലപ്പെടുത്താനും തയ്യാറാണ്. അങ്ങനെ രഞ്ജിപ്പിലായി. മുസ്‌ലിമീങ്ങൾ നഗരം കൈവശപ്പെടുത്തി. ത്വബരിയിൽനിന്ന് ഈ വിജയം ഹിജ്റ 21 ലാണെന്ന് മനസ്സിലാകുന്നു.*(ത്വബരി, വാള്യം നമ്പർ 2, പേജ് 532-532)*

ചരിത്രകാരനായ ബിലാദരി ഈ സൈനിക നടപടിയിൽ പങ്കെടുത്ത ഇസ്‌ലാമിക സൈന്യത്തിന്റെ സേനാധിപൻ അബ്ദുല്ലാഹ് ബിൻ അബ്ദുല്ലായ്ക്ക് പകരം അബ്ദുല്ലാഹ് ബിൻ ഹുദയ്ൽ ബിൻ വർഖാഅ് ഖുസായീയുടെ പേരാണ് പറഞ്ഞിട്ടുള്ളത്. *(ഫുതൂഹുൽബുൽദാൻ പേജ് 188)*

എന്നാൽ, ചരിത്രകാരൻ ത്വബരി എഴുതിയിരിക്കുന്നത് ചിലയാളുകൾ ഈ യുദ്ധത്തിൽ പങ്കെടുക്കുകയും ഒരുവശത്തെ കമാണ്ടറായിരിക്കുകയും ചെയ്ത അബ്ദുല്ലാഹ് ബിൻ വർഖാഅ് അസ്ദീയെ അബ്ദുല്ലാഹ് ബിൻ

ഹുദയ്ൽബിൻ വർഖാഉമായി കുട്ടിക്കലർത്തി പറഞ്ഞിരിക്കുന്നുവെന്നാണ്. വാസ്തവത്തിൽ അബ്ദുല്ലാഹ് ബിൻ ഹുദയ്ൽ ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ കുട്ടിയായിരുന്നു. സ്വിഫ്ഫീൻ യുദ്ധത്തിൽ അദ്ദേഹം ശഹാദത്ത് വരിക്കുമ്പോൾ വെറും 24 വയസ്സായിരുന്നു.*(മഖാല താരീഖെ ഇസ്‌ലാം ബിഅഹദി ഹ്ദറത്ത് ഉമർ(റ), സയ്യിദ് മീർ മഹമൂദ് അഹ്മദ് സാഹിബ് നാസിർ പേജ് 166-168)*

ഹമദാന്റെ വഞ്ചനയും വീണ്ടും വിജയവും: നിഹാവൻദിനുശേഷം മുസ്‌ലിമീങ്ങൾ ഹമദാനും കീഴടക്കിയിരുന്നു. എങ്കിലും ഹമദാൻകാർ സന്ധി ഉടമ്പടി ലംഘിക്കുകയും ആദർബയ്ജാനിൽനിന്നു പട്ടാള സഹായം കരസ്ഥമാക്കി സൈന്യം തയ്യാറാക്കി. ഹദ്റത്ത് ഉമർ(റ)നുഅയിം ബിൻ മുഖർരിനോടു 12000 സൈന്യത്തോടൊപ്പം അവിടെ പോകാൻ നിർദേശിച്ചു. ശക്തമായ ഒരു യുദ്ധ നടപടിക്കുശേഷം മുസ്‌ലിമീങ്ങൾ നഗരം കീഴടക്കി. *(സീറത്ത് അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്ത്വാബ്, അസ്സലാബി, പേജ് 431, ദാറുൽമഅ്രിഫ ബെയ്റൂത്ത് 2007)*

ഹദ്റത്ത് ഉമറിന് ഈ സൈനികനീക്കത്തിന്റെ ഫലത്തെ കുറിച്ച് പ്രത്യേക ചിന്തയായിരുന്നു. ദൂതൻ വിജയവാർത്ത കൊണ്ടുവന്നു. അദ്ദേഹം മുഖേന ഹമാദാനിൽ ആരെയെങ്കിലും പ്രതിനിധിയാക്കി ഖുദ്റേയിലേക്ക് പോകാൻ ഹദ്റത്ത് ഉമർ(റ)നുഅയിം ബിൻ മുഖർരിന് കല്പന അയച്ചു. അവിടെയുള്ള സൈന്യത്തെ കീഴ്പ്പെടുത്തി ഖുദ്റേയിൽതന്നെ താമസിക്കുക. കാരണം ആ നഗരത്തിന് ആ എല്ലാ പ്രദേശങ്ങളിലുംവച്ച് ഒരു കേന്ദ്ര നിലയുണ്ട്. *(മഖാല താരീഖെ ഇസ്‌ലാം ബിഅഹദി ഹ്ദറത്ത് ഉമർ(റ), സയ്യിദ് മീർ മഹമൂദ് അഹ്മദ് സാഹിബ് നാസിർ പേജ് 169)*

എന്തായാലും ഇനി മറ്റു യുദ്ധങ്ങളെ കുറിച്ചും പറയേണ്ടതുണ്ട്. ഹദ്റത്ത് ഉമറിന്റെ കാലത്തുണ്ടായ വിജയങ്ങളെ കുറിച്ചുള്ള ചർച്ചയും നടക്കുകയാണ്. ഇൻശാഅല്ലാഹു തുടർന്ന് അത് വിവരിക്കുന്നതായിരിക്കും.

ഈ നേരത്ത് ഞാൻ ചില പരേതാത്മക്കളെ അനുസ്മരിക്കുകയാണ്. ജുമുഅ നമസ്കാരത്തിനുശേഷം അവരുടെ ജനാസ ഗാഇബും നമസ്കരിക്കുന്നതായിരിക്കും. ആദ്യമായി അനുസ്മരിക്കുന്നത് ഇന്തൊനേഷ്യയിലെ മുഹമ്മദ് ദിയാൻതോനോ സാഹിബിനെയാണ്. അദ്ദേഹം ജൂലായ് 15 ന് 46-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അദ്ദേഹത്തിന്റെ ഭാര്യ എഴുതുന്നു: പരേതൻ ഒരു അനഹ്മദി കുടുംബത്തിലാണ് ജനിച്ചത്. പക്ഷേ, അദ്ദേഹത്തിന് കുട്ടിക്കാലംമുതലെ മസ്ജിദിൽപോകാൻ താൽപര്യമായിരുന്നു. അദ്ദേഹം മറ്റുകുട്ടികളിൽനിന്ന് എപ്പോഴും വേർപ്പെട്ടിരുന്നു. ദീർഘസമയംവരെ മസ്ജിദിൽ ഇരിക്കുക, ഇസ്‌ലാമികാധ്യാപനങ്ങൾ പഠിക്കുക, അല്ലാഹുവിനെ സ്മരിക്കുക തുടങ്ങിയവയൊക്കെ അദ്ദേഹത്തിന് ഏറെ ഇഷ്ടമായിരുന്നു. ഇതെല്ലാം തനിക്ക് അല്ലാഹുവിന്റെ യഥാർ ഥസാമീപ്യം കരസ്ഥമാക്കുന്നതിനുള്ള യഥാർഥ നിഅ്മത്താണെന്ന് പറയാറുണ്ടായിരുന്നു. ഗ്രാമത്തിൽ അദ്ദേഹത്തിന്റെ ഒരു സുഹൃത്തുണ്ടായിരുന്നു. അദ്ദേഹം അഹ്മദിയായിരുന്നു. ഇദ്ദേഹം ഹൈസ്കൂളിൽ പഠിക്കുമ്പോൾ ഇദ്ദേഹത്തിന്റെ ആ സുഹൃത്തിൽനിന്ന് അഹ്മദിയ്യത്തിനെ കുറിച്ച് അറിയാൻ തുടങ്ങി. അങ്ങനെ ഇദ്ദേഹം ചീലിദൂക് (Ciledug)ജമാഅത്തിലും ചീറിബൂണിലും ബയ്അത്തു ചെയ്തു. ഇദ്ദേഹം ബയ്അത്ത് ചെയ്ത വിവരം പിതാവ് അറിഞ്ഞപ്പോൾ അദ്ദേഹത്തിന് ദേഷ്യം വന്നു. വീട്ടിൽനിന്ന് പുറത്താക്കി. കാരണം തന്റെ മകൻ വഴിപിഴച്ചുവെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. എന്തായാലും വീട്ടിലെ കതകുകൾ അദ്ദേഹത്തിനുവേണ്ടി തുറക്കപ്പെട്ടിരുന്നില്ല. ഇദ്ദേഹത്തിന് വെളിയിൽ കിടന്ന് ഉറങ്ങേണ്ടിവന്നു. കുറെ നാൾ ഇങ്ങനെ കഴിഞ്ഞു. പിന്നീട് കുറച്ച് ഇളവുണ്ടായി. വീട്ടിൽ വരാനും പോകാനും തുടങ്ങി. 1997 ൽ തദ്ദേശ ജമാഅത്തിന്റെ ഭാരവാഹികൾ ഇദ്ദേഹത്തോടു ജാമിഅയിൽ പോകാൻ പറഞ്ഞു. കാരണം അവരുടെ പക്കൽ ഇദ്ദേഹം മുബല്ലിഗാകാൻ യോഗ്യനായിരുന്നു. ഇദ്ദേഹത്തിന് യുവത്വം മുതലെ തബ്ലീഗിൽ വളരെ താൽപര്യമായിരുന്നു. അങ്ങനെ ഇദ്ദേഹം ജാമിഅയിൽ പ്രവേശനം നേടി. 2002 ൽ പഠനം പൂർത്തിയാക്കി പുറത്തുവന്നു. ഇദ്ദേഹം ആദ്യമായി നിയമിതനായത് ജനെപോണ്ടോ(Jeneponto) ജമാഅത്തിലായിരുന്നു. ഇദ്ദേഹത്തിന് തബ്ലീഗിൽ വളരെ താൽപര്യമുണ്ടായിരുന്നതുകൊണ്ട് ദായിയീനെ ഇലല്ലായോടൊപ്പം തബ്ലീഗ് ചെയ്യാൻ ഓരോരോ ഗ്രാമത്തിലും പോകുമായിരുന്നു. ഒരു ഗ്രാമത്തിൽ നൂറുക്കണക്കിന് ബയ്അത്ത് ചെയ്യിക്കുന്നതിനുള്ള തൗഫീഖും ഇദ്ദേഹത്തിന് ലഭിച്ചു. മിഷൻഹൗസിന്റെ നിർമാണം തുടങ്ങിയപ്പോൾ ഇദ്ദേഹം സ്വയം തന്നെയും ജോലിചെയ്തിരുന്നു. അക്കാലത്ത് ജമാഅത്തിൽ ഈ സ്ഥലത്ത് ഒരുമിഷൻഹൗസുമുണ്ടായിരുന്നില്ല. ഇദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: എനിക്കോർമയുണ്ട്, ഞങ്ങൾ സാധാരണ നിലയിലുള്ള വാടകവീട്ടിലാണ് താമസിച്ചിരുന്നത്. എത്രമാത്രം സാദാ എന്നു പറഞ്ഞാൽ വീട്ടിൽ സാധനങ്ങളൊന്നുമുണ്ടാകുമായിരുന്നില്ല. വീട്ടിലുണ്ടായിരുന്ന മൊത്തം സാധനങ്ങളെന്തായിരുന്നു. ഒരു കമ്പിൾ, ഒരു തലയിണ, ഒരു വിരിപ്പ് ഇതിലാണ് ഉറങ്ങിയിരുന്നത്, ഭക്ഷണം പാകം ചെയ്യാൻ ഒരു പാത്രമുണ്ടായിരുന്നു. അതിൽത്തന്നെയാണ് എല്ലാം ചെയ്തിരുന്നത്. അതിൽ ഭക്ഷണം പാകം ചെയ്തിരുന്നു, അതിൽ വെള്ളം തുടങ്ങിയവ വെച്ചിരുന്നു. ഇവർ പറയുന്നു, ഒരു ദിവസം റഈസുത്തബ്ലീഗ് സുയൂത്വി അസീസ് സാഹിബും സംസ്ഥാന മുബല്ലിഗ് സയ്ഫുൽ ഉയൂൻ സാഹിബും ഞങ്ങളുടെ വീട്ടിൽവന്നു. വീടിന്റെ അവസ്ഥ കണ്ടിട്ട് ഇരുവരും അത്ഭുതപ്പെട്ടു. എന്തായാലും അതിനുശേഷം ജനെപോണ്ടോ(Jeneponto) മിഷൻ ഹൗസ് നിർമിക്കുന്നതിന് മർക്കസിനോടു അപേക്ഷിച്ചു. അവിടെ മിഷൻ ഹൗസിന്റെ നിർമാണം പൂർത്തിയാകുകയും ചെയ്തു. അതിനുശേഷം മസജിദും അവിടെ നിർമിക്കപ്പെട്ടു. ആദ്യം ഇവർ മുസ്‌ലിമീങ്ങളുടെ എല്ലാവരുടേതുമായ ഒരു മസ്ജിദിലായിരുന്നു നമസ്കരിച്ചിരുന്നത്. പിന്നീട് എതിർപുകാരണത്താൽ അവിടെ പോകാൻ കഴിഞ്ഞില്ല. പിന്നീട് ഒരു വീട്ടിലാണ് നമസ്കരിച്ചിരുന്നത്. മസ്ജിദ് നിർമാണത്തിന് ഒരുപാട് തടസങ്ങളുണ്ടായിരുന്നു. മസ്ജിദ് നിർമിക്കാനാഗ്രഹിച്ചിരുന്നു, പക്ഷേ, തൊഴിലാളികൾ ജോലിയെടുക്കാൻ വിസമ്മതിച്ചു. മസ്ജിദ് നിർമിക്കാൻ സമ്മതിക്കില്ലെന്ന് പറഞ്ഞ് ഗ്രാമത്തലവനും ഭീഷണികൾ മുഴക്കി. എന്തായാലും ഈ തടസങ്ങളൊക്കെ ഉണ്ടായിട്ടും ഇവർ ധൈര്യം കൈവെടിഞ്ഞില്ല. വളരെ ഉറച്ച തീരുമാനത്തോടെ മസ്ജിദ് നിർമിച്ചുകൊണ്ടിരുന്നു. തൊഴിലാളികൾ വന്നില്ലെങ്കിൽ ഖുദ്ദാമും അത്ഫാലും വഖാറെ അമൽ ചെയ്യുമായിരുന്നു. എന്നല്ല അനഹ്മദി കുട്ടികളും വഖാറെ അമലിൽ പങ്കെടുക്കുമായിരുന്നു. അവരുമായി നല്ല ബന്ധമായിരുന്നു. അങ്ങനെയാണ് ഇവിടെ മസ്ജിദ് ഉണ്ടായത്. ഇവർ പറയുന്നു:ജക്കാർത്തയിൽ ഇദ്ദേഹം നിയമിതനായപ്പോൾ അവിടെ ശക്തമായ എതിർപ്പുണ്ടായിരുന്നു. പക്ഷേ, അവിടെ പ്രളയമുണ്ടായി. അപ്പോൾ അനഹ്മദികൾ അഭയം തേടി നമ്മുടെ മസ്ജിദിൽ വരാൻ തുടങ്ങി. പറയുന്നു, ആ വർഷം തുടർച്ചയായി പ്രളയം വന്നുകൊണ്ടിരുന്നു. ആളുകൾ നമ്മുടെ മസ്ജിദിൽത്തന്നെ അഭയം തേടി വന്നു. ഒരു ഭാഗത്ത് എതിർത്തുകൊണ്ടിരുന്നു, പിന്നീട് അഭയംതേടി വന്നുകൊണ്ടുമിരുന്നു. പിന്നീട് കാര്യം കുറച്ചു തണുത്തു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും വ്യക്തമായ പ്രവർത്തനം ഇന്തൊനേഷ്യയിൽ റേഡിയോ വിലൂടേയും ഇന്റർനെറ്റിലൂടേയും ജമാഅത്തിന്റെ സന്ദേശവും കാലത്തിന്റെ ഖലീഫയുടെ ഖുത്ബകളുടെ തർജമയും നേരിട്ട് സമർപിക്കുന്നതിനുള്ള ഏർപാടു ചെയ്യിച്ചിരുന്നുവെന്നതാണ്. അന്ന് ഇവിടെ യൂട്യൂബിലൂടെ ഖുത്ബയുടെ തൽസമയ തർജമയും ആരംഭിച്ചിരുന്നില്ല. എന്തായാലും ഇദ്ദേഹം ജീവിതം മുഴുവൻ ഒരുപാട് അധ്വാനിച്ചു. മാതൃകായോഗ്യനായ ഒരു മുബല്ലിഗായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കു പുറമെ അഞ്ചു കുട്ടികളുണ്ട്. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കരുണയോടും കൂടി പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ അമേരക്കയിലെ ചിക്കാഗോയിലെ സാഹിബ്സാദ ഫർഹാൻ ലത്വീഫ് സാഹിബിന്റേതാണ്. അദ്ദേഹം വഫാത്തായിട്ട് കുറച്ചായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* പരേതൻ ഹദ്റത്ത് സാഹിബ് സാദ അബ്ദുല്ലത്വീഫ് സാഹിബ് ശഹീദിന്റെ പ്രപൗത്രനായിരുന്നു. ചിക്കാഗോ ജമാഅത്തിലെ കർമനിരതനായ അംഗമായിരുന്നു. എപ്പോഴും സഹായിക്കാനും സേവനത്തിനും തയ്യാറായിരുന്നു. സുസ്മേരവദനനും സലാം പറയുന്നതിൽ മുൻകടക്കുന്ന സവിശേഷ ഗുണവുമായിരുന്നു. മസ്ജിദിൽ ചെറുതും വലുതുമായ എന്തു പ്രവൃത്തിയുണ്ടെങ്കിലും അതിന് ക്ഷണത്തിൽ ലബ്ബയ്ക്ക് പറയുമായിരുന്നു. സേവനത്തിന് എപ്പോഴും മുൻനിരയിലുണ്ടാകുമായിരുന്നു. ചിക്കാഗോ ജമാഅത്തിൽ ഓഡിറ്റിന്റെ ജോലി വളരെ നല്ല നിലയിൽ ചെയ്തിരുന്നു. പരേതൻ മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ മൂന്നു ചെറിയ കുട്ടികളും വൃദ്ധരായ മാതാപിതാക്കളുമുണ്ട്. മരണ സമയത്ത് അദ്ദേഹത്തിന്റെ പ്രായം 45 വയസ്സായിരുന്നു. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കരുണയോടും കൂടി പെരുമാറട്ടെ. കുട്ടികളേയും എപ്പോഴും ജമാഅത്തുമായി ബന്ധപ്പിച്ചു നിറുത്തുമാറാകട്ടെ.

അടുത്ത ജനാസ ലാഹോറിലെ മലിക് മുബശ്ശിർ അഹ്മദ് സാഹിബിന്റേതാണ്. അദ്ദേഹം വഫാത്തായിട്ട് ഒരുപാടു കാലമായി. 2020 നവംബറിലാണ് അദ്ദേഹം വഫാത്തായത്. പക്ഷേ, ജനാസ നമസ്കരിച്ചിരുന്നില്ല. ഇദ്ദേഹത്തിന്റെ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 23 September 2021 Issue-38

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

ജനാസ നമസ്കരിക്കാൻ മകൻ എഴുതിയിരിക്കുന്നു. ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയും ഖുർആൻ വ്യാഖ്യാതാവുമായ ഹദ്റത്ത് മൗലാനാ ഗുലാം ഫരീദ് സാഹിബ്(റ)ന്റെ മകനായിരുന്നു. മിയാൻവാലി ജില്ലയിലെ ദാവൂദ് ഖയ്ലിൽ അമീർ ജമാഅത്തിന്നു പുറമെ ഹയ്ദ്രാബാദിൽ ജമാഅത്തുപരമായ വിവിധ ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കാൻ തൗഫീഖ് കിട്ടി. വിശുദ്ധ ഖുർആനിന്റെ ഡിക്ഷണറിയുടെ പൂർത്തീകരണ ജോലിയിൽ ഭാഗഭാക്കാകാനും ഇദ്ദേഹത്തിന് അവസരം കിട്ടി. ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്ന്റെ നിർദേശം പൂർത്തിയാക്കുന്നതിൽ, ഇദ്ദേഹം തന്റെ പിതാവ് മലിക് ഗുലാം ഫരീദ് സാഹിബിന്റെ വഫാത്തിനു ശേഷം ചെറിയ സഹോദരനോടൊപ്പം ചേർന്ന് ഇത് ക്രമീകരിച്ചു. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കരുണയോടും കൂടി പെരുമാറട്ടെ. ഇവരെല്ലാവരുടേയും ജനാസ ഞാൻ പറഞ്ഞതുപോലെ ജുമുഅയ്ക്കുശേഷം നമസ്കരിക്കുന്നതാണ്.

വിവർത്തനം: പി.കെ.അംനാസ്

****

**പേജ് 1 ൽ നിന്ന്**

ക്കാൻ കഴിയുന്നതുമാക്കി. മൂന്നാമതായി അതിന്റെ പാരായണം നമസ്കാരങ്ങളിൽ നിർബന്ധമാക്കുകയും ചെയ്തു. നാലാമതായി ജനഹൃദയങ്ങളിൽ അതു പാരായണം ചെയ്യുന്നതിന് അസാധാരണമായ സ്നേഹമുണ്ടാക്കി. മുസ്ലിമീങ്ങൾ അർഥം അറിയാതെ വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുന്നുവെന്ന് ക്രിസ്ത്യാനികൾ എപ്പോഴും ആക്ഷേപിക്കാറുണ്ട്. അതിന്റെ അർഥം മനസ്സിലാക്കാൻ ശ്രമിക്കുന്നില്ലത്രെ! എന്നാൽ, ചിന്തിക്കുകയാണെങ്കിൽ ഇതും ഈ ആയത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന വാഗ്ദാനത്തെ സാക്ഷ്യപ്പെടുത്തലാണ്. മുസ്ലിമീങ്ങളുടെ മനസ്സുകളിൽ അല്ലാഹു എങ്ങനെയാണ് വിശുദ്ധ ഖുർആനോടുള്ള സ്നേഹമിട്ടിരിക്കുന്നത്! അർഥം അറിഞ്ഞാലുമില്ലെങ്കിലും അവർ അത് പാരായണം ചെയ്തുകൊണ്ടേപോകുന്നു. തീർച്ചയായും എല്ലാ മുസ്ലിമീങ്ങളുടേയും നിർബന്ധകടമയാണ് വിശുദ്ധ ഖുർആൻ അർഥത്തോടെ പാരായണം ചെയ്യുക എന്നത്. ഈ ഭാഗത്തുള്ള അശ്രദ്ധ വലിയ നാശങ്ങൾക്ക് നിമിത്തമായിട്ടുണ്ട്. എന്നാൽ, അർഥം അറിയാതിരുന്നിട്ടും മുസ്ലിമീങ്ങൾ അത് മനഃപ്പാഠമാക്കിക്കൊണ്ടു പോകുന്നുവെന്നത് തീർച്ചയായും ഈ ആയത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള വാഗ്ദാന പൂർത്തീകരണത്തിനുള്ള തെളിവാണ്.

ഇന്ന് ബൈബിളിന്റെ മുഴുവൻ പ്രതിയും കത്തിച്ചുകളയുകയാണെങ്കിൽ ബൈബിളിന്റെ അനുയായികൾക്ക് അതിന്റെ 20% പോലും വീണ്ടും സമാഹരിക്കാൻ സാധിക്കുകയില്ല. എന്നാൽ, വിശുദ്ധഖുർആന് കരസ്ഥമായിട്ടുള്ള അഭിമാനമെന്നത് വിശുദ്ധ ഖുർആനിന്റെ മുഴുവൻ പ്രതികളും ലോകത്തുനിന്ന് വിപാടനം ചെയ്യപ്പെടുമെന്ന് സങ്കല്പിച്ചാൽത്തന്നെയും മൂന്നുദിവസത്തിനുള്ളിൽ സമ്പൂർണമായ വിശുദ്ധ ഖുർആൻ നിലവിലുണ്ടാകും! വലിയ നഗരങ്ങൾ അവിടെ നില്ക്കട്ടെ, ഖാദിയാൻപോലുള്ള ചെറിയ സ്ഥലത്തുപോലും അത് പദാനുപദം എഴുതിപ്പിക്കാൻ ഞങ്ങൾക്കു കഴിയും. ഉന്മൂലനം ചെയ്യപ്പെട്ടാലും വീണ്ടും അതേ രീതിയിൽ കൊണ്ടുവരാൻ കഴിയുന്ന ഒരു മതഗ്രന്ഥവും വിശുദ്ധ ഖുർആനല്ലാതെ ലോകത്തില്ല!

വിശുദ്ധ ഖുർആനിന്റെ സംരക്ഷണത്തിന് ഒരു മാർഗം അല്ലാഹു ഇങ്ങനെ നിശ്ചയിച്ചു. അതായത് വിശുദ്ധ ഖുർആൻ ഇറക്കപ്പെട്ടതിനുശേഷം ഉടനെതന്നെ സകലലോകത്തും അത് വ്യാപിച്ചു. അതുകൊണ്ട് ഇനി അതിൽ മാറ്റത്തിരുത്തലുകൾക്കുള്ള സാധ്യതതന്നെ അവശേഷിക്കുന്നില്ല. പറയപ്പെടുന്നു, ഒരു പ്രാവശ്യം ജിഹാദിന്റെ വചനങ്ങൾ എടുത്തുമാറ്റി വിശുദ്ധ ഖുർആൻ പ്രസിദ്ധീകരിക്കാമെന്ന് റഷ്യൻ ഭരണകൂടം തീരുമാനിച്ചു. എന്നാൽ, വിശുദ്ധ ഖുർആൻ ലോകം മുഴുവൻ വ്യാപിച്ചിരിക്കുകയാണെന്ന് അവരോടു പറയപ്പെട്ടു. ഈ വചനങ്ങൾ എല്ലായിടത്തും നിലവിലുണ്ട്. അപ്പോൾപ്പിന്നെ നിങ്ങൾക്കെങ്ങനെയാണ് അതെടുത്ത് മാറ്റാൻ കഴിയുക. അതോടെ അവർ തങ്ങളുടെ തീരുമാനത്തിൽനിന്ന് പിന്മാറി.

വിശുദ്ധ ഖുർആനിന്റെ സംരക്ഷണത്തിനുള്ള മറ്റൊരു മാർഗം ഇസ്ലാമിക ജ്ഞാനങ്ങളുടെ അടിത്തറ വിശുദ്ധ ഖുർആനുമേൽ സ്ഥാപിതമായെന്നതാണ്. ഇതുമുഖേന അതിന്റെ ഓരോ ഹർക്കത്തും സുക്കൂനും സുരക്ഷിതമാക്കപ്പെട്ടു. ഉദാഹരണത്തിന് 'നഹ്വ്'(ഗ്രാമർ) ഉണ്ടായി. അതു വിശുദ്ധ ഖുർആനിന്റെ സംരക്ഷണത്തിനുവേണ്ടിയാണ്. 'നഹ്വ്' ഉണ്ടാകാനുള്ള കാരണം പറയപ്പെടുന്നത് ഇതാണ്: 'ഹദ്റത്ത് അലി(റ)യുടെ അടുത്ത് അബുൽ അസ്വദ് ദൗലി വന്നു. ഒരു പുതിയ മുസ്ലിം **അന്നല്ലാഹ ബരീയ്യുൻ മ്മിനൽമുശ്രിക്കീന വ റസൂലുഹൂ** എന്നതിനു പകരം വ റസൂലിഹീ എന്ന് പാരായണം ചെയ്യുകയായിരുന്നു. അപ്പോൾ നവമുസ്ലിമീങ്ങൾക്ക് വിശുദ്ധ ഖുർആനിന്റെ ഉദ്ദേശ്യങ്ങൾ മനസ്സിലാക്കുന്നതിൽ പ്രയാസങ്ങളുണ്ടെന്നുള്ള ആശങ്കയുണ്ടായി. ഹദ്റത്ത് അലി ആ നേരത്ത് കുതിരപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. അതേ അവസ്ഥയിൽ അദ്ദേഹം അയോളോടു ചില അറബിവ്യാകരണങ്ങൾ പറഞ്ഞുകൊണ്ടുപോയി. അദ്ദേഹം പറഞ്ഞു:ഇത്തരം നിയമങ്ങൾ എഴുത്തിലൂടെ കൊണ്ടുവരിക. ഇതുമുഖേന ഈ നവമുസ്ലിമീങ്ങൾക്ക് ശരിയായ നിലയിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യാൻ സൗഭാഗ്യം ലഭിക്കുന്നതാണ്.' കുറച്ചു നിയമങ്ങൾ ഉണ്ടാക്കിക്കൊണ്ടു പറഞ്ഞു: '**ഉൻഹു നഹ്വഹൂ** ഇതേ രീതിയിൽ മറ്റു നിയമങ്ങളും തയ്യാറാക്കുക.' ഈ വാക്യം കരാണത്താലാണ് അറബി ഗ്രാമറിന്റെ പേര് 'നഹ്വ്' എന്നായത്. പിന്നീട് മുസ്ലിമീങ്ങൾ ചരിത്രം കണ്ടുപിടിച്ചു. അപ്പോൾ വിശുദ്ധ ഖുർആനിന്റെ സേവനം എന്ന ഉദ്ദേശ്യത്തോടെ - കാരണം വിശുദ്ധ ഖുർആനിൽ വിവിധ ജനതകളുടെ അവസ്ഥകൾ വന്നിരുന്നു, അവ സമാഹരിക്കാൻ തുടങ്ങി. അപ്പോൾ മറ്റു ലോകത്തിന്റെ അവസ്ഥകളും ഒപ്പം സമാഹരിച്ചു. പിന്നീട് വിശുദ്ധ ഖുർആനിന്റെ സേവനത്തിനും നബി(സ)തിരുമേനി ഖുർആനിന് എന്തർഥമാണ് നല്കിയതെന്ന് മനസ്സിലാക്കുന്നതിനുംവേണ്ടി ഇൽമെഹദീഥ് അഥവാ 'ഹദീഥുജ്ഞാനം' ആരംഭിച്ചു.

പിന്നീട് വിശുദ്ധഖുർആനിനുമേലുള്ള തത്ത്വചിന്തകന്മാരുടെ ആക്ഷേപങ്ങൾ അകറ്റുന്നതിനുവേണ്ടി മുസ്ലിമീങ്ങൾ തത്ത്വശാസ്ത്രം തുടങ്ങിയ ജ്ഞാനങ്ങളുടെ കണ്ടുപിടിത്തം നടത്തി. തർക്കശാസ്ത്രത്തിന് പുതിയ എന്നാൽ, കൂടുതൽ ഗവേഷണപരമായ മാർഗം പുറത്തെടുത്തു. പിന്നീട് വൈദ്യശാസ്ത്രത്തിന്റെ അടിത്തറയും വിശുദ്ധ ഖുർആൻ ശ്രദ്ധയിൽപ്പെടുത്തിയതുകൊണ്ടുമാത്രമാണ് സ്ഥാപിതമായത്. വിശുദ്ധ ഖുർആനിന്റെ വചനങ്ങളാണ് 'നഹ്വ്' ന് ഉദാഹരണമായി നല്കിയിരുന്നത്. സാഹിത്യത്തിന്റെ ശ്രേഷ്ഠമായ സമാഹാരം വിശുദ്ധഖുർആനിന്റെ വചനങ്ങളാണെന്ന് നിശ്ചയിക്കപ്പെട്ടു. ചുരുക്കത്തിൽ എല്ലാ അറിവിലും ഖുർആനിക വചനങ്ങളെ ഉദ്ധരണി എന്ന നിലയിൽ പകർത്തിയെഴുതപ്പെടുന്നു. ഈ എല്ലാ ഗ്രന്ഥങ്ങളിലും വന്നിട്ടുള്ള വിശുദ്ധ ഖുർആനിന്റെ വചനങ്ങളെ ശേഖരിക്കുകയാണെങ്കിൽ അവയിലൂടേയും മുഴുവൻ ഖുർആനും സമാഹരിക്കപ്പെടുന്നതായിരിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു. മുസ്ലിമീങ്ങളിൽ വിശുദ്ധഖുർആനിന്റെ സേവനത്തിന് മറ്റു ജ്ഞാനങ്ങളിലേക്കുള്ള മടക്കത്തിന് ഒരു അനുബന്ധമായ ഫലം ഇതും ഉണ്ടായിട്ടുണ്ട്, മുമ്പേയുള്ള ഗ്രന്ഥങ്ങളിൽനിന്ന് ഭൗതികജ്ഞാനികളുടെ വിഭാഗം ശരിക്കും ജാഗരൂകരായിരുന്നു. എന്നാൽ, മുസ്ലിമീങ്ങളിൽനിന്നുള്ള ഈ ജ്ഞാനങ്ങളുടെ വിദഗ്ധൻ എപ്പോഴും വിശുദ്ധ ഖുർആനിന്റെ സേവകനായിരുന്നു. കാരണം വിശുദ്ധ ഖുർആൻ സത്യമായ ജ്ഞാനത്തിന്റെ ശത്രുവല്ല പ്രത്യുത സഹായിയാണെന്ന് അവർ മനസ്സിലാക്കിയിരുന്നു.

*(തഫ്സീറെ കബീർ വാള്യം 4, പേജ്18, ഖാദിയാൻ പ്രസിദ്ധീകരണം 2010)*

**പേജ് 6 ൽ നിന്ന്**

ചയപ്പെടുകയും അവർ നിയമിക്കപ്പെട്ട സ്ഥലങ്ങളെ സംബന്ധിച്ച് ചോദിക്കുകയുമുണ്ടായി. ഹുദൂറിന് എല്ലാ സ്ഥലങ്ങളെ സംബന്ധിച്ചും നല്ല പോലെ അറിവുള്ളത് എല്ലാവരെയും വിസ്മയിപ്പിച്ചു.

സംസാരത്തിലുടനീളം ജാമിഅ അഹ്മദിയാ ഘാനയിൽ നിന്നിറങ്ങിയ നവമുബല്ലിഗീങ്ങൾ ഹുദൂർ തിരുമനസ്സിന്റെ പ്രത്യേക സ്നേഹവാത്സല്യത്തിനു പാത്രമായി. ഹുദൂർ അൻവർ മുബല്ലിഗീങ്ങൾക്ക് നിർദേശം നൽകിക്കൊണ്ട് പറഞ്ഞു: 'റിപ്പോർട്ടുകൾ കൂടാതെ എനിക്ക് വ്യക്തിപരമായി എഴുതുന്ന കത്തുകൾ ഉർദുവിൽ എഴുതേണ്ടതാണ്. മാസത്തിൽ കുറഞ്ഞത് ഒന്ന് തീർച്ചയായും എഴുതുക. അതുപോലെതന്നെ മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)പകുതി പേജാണെങ്കിലും ശരി ദിവസവും കൃത്യമായി വായിക്കുക. അതുപോലെ ഉർദു സംസാരിക്കുക. ഹുദൂർ തിരുമനസ്സിന്റെ ചോദ്യത്തിന് ഉത്തരം പറഞ്ഞു,കൊണ്ട് ഒരു മുബല്ലിഗ് പറഞ്ഞു:ഥോടി ഥോടി ഉർദു ആത്തി ഹെ(അതായത് കുറച്ച് കുറച്ച് ഉർദു അറിയാം)അപ്പോൾ ഹുദുർ പറഞ്ഞു: ഇതിനർഥം താങ്കൾക്ക് ഉർദു നന്നായി അറിയാം എന്നാണ്. കാരണം ആർക്കാണോ ഉർദു നന്നായി അറിയാത്തത് അവർ പറയുന്നത് തോഡാ തോഡാ എന്നാണ്(ഈ പ്രയോഗം ഉർദു ഭാഷാപരമായി തെറ്റാണ്)

ഒരു മുബല്ലിഗ് മുഹമ്മദ് കുവെ (muhammed quaye) സാഹിബ്, തന്നെ ഉർദുവിൽ പരിചയപ്പെടുത്തിയപ്പോൾ ഹുദൂർ അൻവർ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: താങ്കൾ വിജയിച്ചിരിക്കുന്നു, സോണൽ മിഷണറി. മാശാ അല്ലാഹ്!

സന്നിഹിതരരായ എല്ലാവരുടേയും സംസാരത്തിനുശേഷം മിഷണറി ഇൻചാർജ് സാഹിബ് ഘാനയിൽ 5 സെപ്റ്റംബർ 2020 ൽ നടക്കാനിരിക്കുന്ന പ്രസിഡണ്ടിന്റേയും പാർലമെന്റ് അംഗങ്ങളുടേയും തിരഞ്ഞെടുപ്പ് സമാധാനാന്തരീക്ഷത്തിൽ നടക്കാൻ വേണ്ടി എളിമയോടെ ഹുദൂർ തിരുമനസ്സിനോടു ദുആക്ക് വേണ്ടി അപേക്ഷിച്ചു. ഹുദൂർ അൻവർ(അയ്യദഹുല്ലാഹ്) പറഞ്ഞു: നിലവിലുള്ള ഭരണം രാജ്യത്തിനു വേണ്ടി നല്ല പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവർ ജയിക്കട്ടെ. അങ്ങനെയല്ലെങ്കിൽ ഞാൻ ദുആ ചെയ്യുന്നു, രാജ്യത്തിനു ഉപകാരപ്രദമാവുന്ന രാജ്യഹിതത്തിനുവേണ്ടി വിശ്വസ്തതയോടെ പ്രവൃത്തിക്കുന്ന മറ്റൊരു കൂട്ടരെ അല്ലാഹു കൊണ്ടുവരട്ടെ. ഇൻശാ അല്ലാഹ്

ബഹുമാനപ്പെട്ട അമീർ സാഹിബ് മജ്ലിസ് ആമില ഘാനയെ ഹുദൂറുമായി സംസാരിക്കാൻ അനുവദിച്ചതിൽ ഹുദൂർ തിരുമനസ്സിന് നന്ദി പറഞ്ഞു. ശേഷം ഹുദൂർ അൻവർ എല്ലാവരോടും അസ്സലാമു അലയ്ക്കും എന്നു പറഞ്ഞു. അങ്ങനെ ഈ മീറ്റിങ്ങ് സമാപിച്ചു.(റിപ്പോർട്ട്: അലിം മഹ്മൂദ്, മുറബ്ബിയെ സിൽസില ഘാന)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin

...☆...☆☆...☆...